I.ഇ.ബി. XIIകേരള നിയമസഭ/VIII-17

**പന്ത്രണ്ടാം കേരള നിയമസഭ**

എട്ടാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2008 ജൂലായ് 17, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അടിയന്തിരപ്രമേയം.**

നിരാഹാര സമരപ്പന്തലിനു നേരെയുണ്ടായ ആക്രമണം

മി. സ്പീക്കർ : ഇന്നലെ യൂത്ത് കോൺഗ്രസ്സ് സംസ്ഥാന പ്രസിഡന്റ് നിരാഹാരമനുഷ്ഠിച്ചിരുന്ന പന്തലിൽ കടന്നുകയറുകയും അഭിവാദ്യമർപ്പി ക്കാനെത്തിയവരെ ലാത്തിച്ചാർജ്ജും ജലപീരങ്കിയും ഉപയോഗിച്ച് നേരിടുകയും ചെയ്ത പോലീസ് നടപടിമൂലം ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതി വിശേഷത്തെ സംബന്ധിച്ച് സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ, സി.ടി. അഹമ്മദ് അലി, ജോസഫ് എം. പുതുശ്ശേരി, കെ.ബി. ഗണേഷ്കുമാർ, കെ.കെ. ഷാജു എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ.കോടിയേരി ബാലകൃഷ്ണൻ) : യൂത്ത് കോൺഗ്രസ്സ് സംസ്ഥാന പ്രസിഡന്റ് ശ്രീ.ടി.സിദ്ദിഖ് നടത്തിവന്നിരുന്ന നിരാഹാര സമരത്തിന് ഐക്യദാർഢ്യം പ്രകടിപ്പിച്ചു കൊണ്ട് വിവിധ ഭാഗങ്ങളിൽനിന്ന് 250-ഓളം പേർ ഇന്നലെ ഉച്ചയ്ക്ക് സെക്ര ട്ടേറിയറ്റിനുമുന്നിൽ ജാഥയായി എത്തുകയുണ്ടായി. പ്രതിപക്ഷ നേതാവ് അഭിസംബോധന ചെയ്ത് സംസാരിച്ച് മടങ്ങിപ്പോയ ഉടൻ യൂത്ത് കോൺഗ്രസ്സ് പ്രവർത്തകർ യാതൊരു പ്രകോപനവുമില്ലാതെ ഗതാഗത തടസ്സമുണ്ടാക്കുകയും സമരപ്പന്തലിന് എതിർവശത്തുള്ള ബാങ്കിന്റെ കണ്ണാടിച്ചില്ലും ഹെൽത്ത് ഡിപ്പാർട്ട്മെന്റിന്റെ വാഹനവും എറിഞ്ഞു തകർക്കു കയും ചുറ്റുപാടുമുള്ള കടകളിൽ കല്ലേറ് നടത്തി നാശനഷ്ടങ്ങൾ വരുത്തുകയും ചെയ്തു. കല്ല്, വടി, കസേര എന്നിവ ഉപയോഗിച്ച് അടിക്കുകയും എറിയുകയും ചെയ്തതുമൂലം കന്റോൺമെന്റ് സർക്കിൾ ഇൻസ്പെക്ടറും സബ് ഇൻസ്പെക്ടറും ഉൾപ്പെടെയുള്ള പോലീസ് ഉദ്യോഗസ്ഥർക്ക് പരിക്കുപറ്റി. അവരെ ആശുപത്രിയിൽ ചികിൽസയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. പോലീസ് സംയമനം പാലിച്ചുവെങ്കിലും യൂത്ത് കോൺഗ്രസ്സ് പ്രവർത്തകർ പോലീസിനുനേരെ കൂടുതൽ ആക്രമണം നടത്തിയതിനെത്തുടർന്ന് പോലീസ് നിയമാനുസൃതമായ രീതിയിൽ ജലപീരങ്കി ഉപയോഗിക്കുകയും ലാത്തിവീശി വിരട്ടിയോടിക്കുകയുമാണ് ചെയ്തത്. പിരിഞ്ഞുപോയ പ്രകടനക്കാർ ഡി.സി.സി. ആഫീസിനു സമീപവും വാൻറോസ് ജംഗ്ഷനിലുമായി മൂന്ന് സർക്കാർ കാറുകൾക്ക് കേടുവരുത്തി. പൊതുമുതൽ നശിപ്പിക്കൽ, പോലീസിനെ ആക്രമിക്കൽ എന്നീ കുറ്റങ്ങളുടെ പേരിൽ കന്റോൺമെന്റ്, മ്യൂസിയം പോലീസ് സ്റ്റേഷനുകളിൽ ഇൻഡ്യൻ ശിക്ഷാ നിയമപ്രകാരം കേസ്സുകൾ രജിസ്റ്റർ

ചെയ്ത് അന്വേഷണം നടത്തിവരികയാണ്. പോലീസ് സമരപ്പന്തലിൽ കടന്നു കയറിയിട്ടില്ല. പോലീസ് സമരപ്പന്തലിന് സംരക്ഷണം കൊടുക്കുകയാണ് ചെയ്തത്. സമാധാനപരമായി സമരം ചെയ്യുന്നതിന് സർക്കാർ എതിരല്ല. സമരത്തിന്റെ പേരിൽ അക്രമം അഴിച്ചുവിടാൻ അനുവദിക്കുകയില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ശ്രീ. ടി. സിദ്ദിഖിന്റെ നിരാഹാര സത്യാഗ്രഹം എട്ടാം ദിവസത്തിലേയക്ക് പ്രവേശിച്ച ഇന്നലെ പോലീസ് സത്യാഗ്രഹ പന്തലിൽ അനധികൃതമായി കടന്നുകയറി യൂത്ത് കോൺഗ്രസ്സ് പ്രവർത്തകരെ മർദ്ദിച്ചത് ശരിയായ നടപടിയല്ല. ശ്രീ. സിദ്ദിഖിന്റെ നിരാഹാര സമരത്തിന് അനുഭാവം പ്രകടിപ്പിച്ചുകൊണ്ട് നീങ്ങിയ പാർട്ടി പ്രവർത്ത കർക്കുനേരെ പോലീസ് കല്ലേറിയുകയും ലാത്തിച്ചാർജ്ജ് നടത്തുകയും ജലപീരങ്കി പ്രയോഗിക്കുകയും ചെയ്തത് നിയമാനുസൃതമാണോയെന്ന് പരിശോധിക്കണം. അഭിപ്രായ സ്വാതന്ത്ര്യം ഇല്ലാതാക്കാൻവേണ്ടി വ്യത്യസ്ത അഭിപ്രായം പറയുന്നവരെ അടിച്ചമർത്താൻ ശ്രമിക്കുകയാണ്. സമരപ്പന്തലിൽ ശ്രീ. സിദ്ദിഖിനെ കാണുന്നതിന് ഗവൺമെന്റ് ആരേയും നിയോഗിച്ചില്ല. കോൺഗ്രസ്സ് ജില്ലാ പ്രസിഡന്റ് ഉൾപ്പെടെ നിരവധി യൂത്ത് കോൺഗ്രസ്സ് പ്രവർത്തകർ മാരകമായ മുറിവേറ്റ് ആശുപത്രിയിലാണ്. ശത്രുസേനയോട് പെരുമാറുന്നതുപോലെയാണ് പോലീസ് തേർവാഴ്ച നടത്തിയത്. ചെറുപ്പക്കാരെ ചോരയിൽ മുക്കിക്കൊല്ലാൻ ശ്രമിക്കുന്ന നീചമായ ഭരണമാണ് ഇവിടെ നടക്കുന്നത്. ഇതു സംബന്ധിച്ച് സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ.കോടിയേരി ബാലകൃഷ്ണൻ) : പോലീസ് സമരപ്പന്തലിൽ കയറി കുഴപ്പമുണ്ടാക്കിയെന്ന് പറയുന്നത് ശരിയല്ല. എല്ലാ പത്രങ്ങളും ചാനലുകളും ഇന്നലെ നടന്ന

അക്രമം ആസൂത്രിതമാണെന്ന് വ്യക്തമാക്കുന്നുണ്ട്. സമരപ്പന്തലിൽ യാതൊരുവിധ പ്രശ്നങ്ങളും ഉണ്ടാകാതിരിക്കാൻ സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിരുന്നു. യു.ഡി.എഫ്. ഭരണകാലത്ത് നിരാഹാരസമരം കിടന്നിരുന്ന പ്രതിപക്ഷ എം.എൽ.എ.മാരെപ്പോലും കാണാൻ കൂട്ടാക്കാതിരുന്നവരാണ് ഇപ്പോൾ യൂത്ത് കോൺഗ്രസ്സ് നേതാവിനെ സമരപ്പന്തലിൽപ്പോയി മന്ത്രിമാർ കണ്ടില്ലെന്നുള്ള ആക്ഷേപം ഉന്നയിക്കുന്നത്. ശ്രീ. സിദ്ദിഖിന്റെ കാര്യം ശ്രദ്ധയിൽപ്പെട്ടപ്പോൾത്തന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ട് മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ സൂപ്രണ്ടിനോട് അദ്ദേഹത്തിന്റെ ആരോഗ്യസ്ഥിതിയെക്കുറിച്ച് അന്വേഷിക്കണമെന്ന് നിർദ്ദേശിച്ചു. നിരാഹാരസമരവും സത്യാഗ്രഹസമരവും നടത്താൻ എല്ലാവർക്കും അവകാശമുണ്ട്. അതിന്റെ മറവിൽ അക്രമം നടത്താൻ ശ്രമിച്ചാൽ ഗവൺമെന്റിന് അനുവദിക്കാൻ കഴിയില്ല. പ്രതിപക്ഷ നേതാക്കളുടെ മുന്നിൽവച്ചാണ് സംഭവം നടന്നത്. പോലീസ് കല്ലെറിഞ്ഞു എന്നുപറഞ്ഞത് ശരിയല്ല. ജനാധിപത്യപരമായ രീതിയിൽ പ്രതിഷേധ പ്രകട നങ്ങളും സമരങ്ങളും നടത്താനുള്ള സ്വാതന്ത്ര്യം എല്ലാവർക്കുമുണ്ട്. സമരം ചെയ്യുന്നവർ പോലീസിനെ ആക്രമിക്കരുത്. ഇന്നലത്തെ സംഭവങ്ങൾ അതി രുവിട്ടുപോയി. ഗവൺമെന്റിനെതിരായി ജനങ്ങളെ സംഘടിപ്പിച്ച് ജനപി ന്തുണ തെളിയിക്കുകയാണ് യു.ഡി.എഫ്. ചെയ്യേണ്ടത്. യു.ഡി.എഫ്-ന് ഇപ്പോൾ വിദ്യാർത്ഥികളുടേയും യുവജനങ്ങളുടേയും ജനങ്ങളുടേയും പിന്തുണ നഷ്ടപ്പെട്ടിരിക്കുന്നു. ജനാധിപത്യപരമായ സമരമാർഗ്ഗം സ്വീകരിക്കാനും അക്രമപാത ഉപേക്ഷിക്കാനും പ്രതിപക്ഷം തയ്യാറാകണം. രാജ്യത്തിന്റെ സമാധാനാന്തരീക്ഷത്തിന് ഇത് കൂടിയേ മതിയാകൂ. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം കൊടുക്കാനുള്ള ബാദ്ധ്യത

ഗവൺമെന്റിനുണ്ട്. അതിനാവശ്യമായ നടപടികൾ മാത്രമാണ് ഗവൺമെന്റ് സ്വീകരിച്ചത്. പാഠപുസ്തക വിവാദവുമായി ബന്ധപ്പെട്ട് വളരെയധികം ചർച്ച നടന്നതാണ്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(അടിയന്തിരപ്രമേയം ചർച്ച ചെയ്യേണ്ടതില്ലെന്ന ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ ഉമ്മൻ ചാണ്ടി, കെ.എം.മാണി, സി.ടി. അഹമ്മദ് അലി എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്ത് പോകുകയും അൽപ്പസമയത്തിനുള്ളിൽ മടങ്ങിവരികയും ചെയ്തു.)

**ശ്രദ്ധ ക്ഷണിക്കൽ:**

(1) നിയമന നടപടികളിലെ കാലതാമസം

ശ്രീ. തോമസ് ഉണ്ണിയാടൻ: വിവിധ സർക്കാർ ഓഫീസുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും നിലവിലുള്ള ഒഴിവുകൾ യഥാസമയം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാത്തതുമൂലവും പരീക്ഷാ മൂല്യ നിർണ്ണയത്തിലും റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരണത്തിലും നിയമനം നടത്തുന്നതിലും ഉണ്ടാകുന്ന കാലതാമസം കൊണ്ടും ലക്ഷക്കണക്കിന് ഉദ്യോഗാർത്ഥികൾ തൊഴിൽ ലഭിക്കാതെ നിരാശരായി കഴിയുന്നു. വിവിധ ഡിപ്പാർട്ടുമെന്റുകളിലായി അറുപതിനായിരത്തോളം ഒഴിവുകൾ സംസ്ഥാനത്ത് നിലവിലുണ്ട്. ഒഴിവുകൾ യഥാസമയം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാത്ത സാഹചര്യം നിലനിൽക്കുമ്പോൾതന്നെ പിൻവാതിൽ നിയമനവും കരാർ അടിസ്ഥാനത്തിലും താൽക്കാലികാടിസ്ഥാനത്തിലുമുള്ള നിയമനവും തകൃതിയായി നടക്കുന്നു. വിവിധ ഡിപ്പാർട്ടുമെന്റുകളിൽ

നിലവിലുള്ളതും ഭാവിയിൽ ഉണ്ടാകാൻ സാധ്യതയുള്ളതുമായ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളതായി പറയുമ്പോൾത്തന്നെ ഡിപ്പാർട്ടുമെന്റുകൾ നിലവിലുള്ള ഒഴിവുകൾ ഒന്നും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യേണ്ടതില്ല എന്ന നിർദ്ദേശവും നൽകിയിട്ടുള്ളതായി അറിയുന്നു. ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണം. ആരോഗ്യം, വിദ്യാഭ്യാസം, വനം, കൃഷി തുടങ്ങി വിവിധ വകുപ്പുകളിലുള്ള ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്ത് ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ.വി.എസ്. അച്ചുതാനന്ദൻ): വിവിധ വകുപ്പുകളിൽ അടുത്ത ഒരു വർഷത്തേയ്ക്ക് ഉണ്ടാകാൻ സാധ്യതയുള്ള ഒഴിവുകൾ മുൻകൂട്ടി അതാത് വർഷം ജൂൺ 30-നുള്ളിൽ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് ബന്ധപ്പെട്ട നിയമനാധികാരികൾക്കും വകുപ്പ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്രകാരം റിപ്പോർട്ട് ചെയ്ത ഒഴിവുകളും അതിന്മേലുള്ള നിയമനങ്ങളും സംബന്ധിച്ച് മാസന്തോറും സെക്രട്ടറിതല യോഗം അവലോകനം ചെയ്ത് പുരോഗതി വിലയിരുത്തി വരുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മേയ് മാസം വരെ 60,166 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിലുള്ള തസ്തികകളിൽ താമസംവിനാ നിയമനം നടത്താൻ ശുപാർശ നൽകിവരുന്നു. പുതിയ ശാസ്ത്ര സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കാനും നിയമനങ്ങൾ നടത്താനും പി.എസ്.സി. ശ്രമം നടത്തുന്നുണ്ട്.

(2) <u>കാർഷിക മേഖലയിലെ സ്വയംപര്യാപ്തത</u>

<u>ശ്രീ. കെ.പി. മോഹനൻ</u>: രണ്ട് വർഷംകൊണ്ട് നിരവധി ക്ഷേമ പ്രവർത്തനങ്ങളും ആശാവഹമായ പദ്ധതികളും നടപ്പാക്കിയതിന്റെ ഫലമായി കർഷക ആത്മഹത്യകൾ ഇല്ലാതാക്കാൻ സാധിച്ചു. ഗുരുതരമായ പ്രതിസന്ധി നേരിടുന്ന കാർഷിക മേഖല സ്വയംപര്യാപ്തത നേടാൻ ക്രിയാത്മകമായ പ്രവർത്തനങ്ങൾ നടത്തണം. സംസ്ഥാനത്തെ നെൽവയലുകൾ സംരക്ഷിക്കണം. ശാസ്ത്രീയമായ ഇടപെടലുകളിലൂടെ നെൽകൃഷി സജീവ മാക്കണം. കാലാവസ്ഥാ വ്യതിയാനങ്ങൾക്കനുസരിച്ച് നെൽകൃഷി നശിച്ചു പോകുന്ന കർഷകർക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തണം. കൃഷിഭൂമി ശാസ്ത്രീയമായി തരംതിരിച്ച് കൃഷിചെയ്യാൻ നടപടി സ്വീകരിക്കണം. വെള്ളം, നല്ലയിനം വിത്ത്, കീടനാശിനികൾ എന്നിവ കൃഷിസ്ഥലത്തുതന്നെ ലഭ്യമാക്കണം. മലബാറിൽ ഒരു കാർഷിക ഗവേഷണകേന്ദ്രം സ്ഥാപിക്കണം. കാർഷികോൽപ്പന്നങ്ങളുടെ സംഭരണം, വിതരണം, വിപണനം, വിലസംര ക്ഷണം എന്നിവ സർക്കാർ നിയന്ത്രണത്തിലാക്കണം. കൃഷിയിടങ്ങളിൽ ഉദ്യോഗസ്ഥരെ അയയ്ക്കണം. കാർഷിക മേളകൾ സംഘടിപ്പിക്കണം.

കൃഷി വകുപ്പുമന്ത്രി <u>(ശ്രീ. മുല്ലക്കര രത്നാകരൻ)</u> : കേരളത്തിലെ കർഷക സമൂഹത്തെ കൃഷിയിലേയ്ക്കും ജീവിതത്തിലേയ്ക്കും മടക്കിക്കൊ ണ്ടുവരുന്നതിന് കഴിഞ്ഞ രണ്ട് വർഷമായി ഈ സർക്കാർ നിരവധി കർമ്മ പദ്ധതികൾ ആവിഷ്ക്കരിക്കുകയുണ്ടായി. സ്വയംപര്യാപ്തത കൈവരി ക്കുന്നതിന്റെ ഭാഗമായി അടുത്ത രണ്ട് വർഷത്തിനുള്ളിൽ നെല്ലുൽപ്പാദനം ഇരട്ടിയാക്കാൻ ലക്ഷ്യംവച്ചുകൊണ്ട് 'എല്ലാവരും പാടത്തേയ്ക്ക്' എന്ന പദ്ധതി നടപ്പിലാക്കും. കർഷകർക്കും കർഷകത്തൊഴിലാളികൾക്കും യന്ത്രവൽക്കര

ണത്തിൽ പരിശീലനവും നെൽകൃഷി മേഖലയിൽ സഹകരണ വകുപ്പിന്റെ സഹായത്തോടെ പലിശരഹിത വായ്പയും നൽകും. അപ്പർ കുട്ടനാട് മേഖലയിൽ നെൽവികസന ഏജൻസിക്ക് രൂപം നൽകും. കർഷകത്തൊഴിലാളികളുടെ ലഭ്യത കുറവായ സ്ഥലങ്ങളിൽ കസ്റ്റം ഹയറിംഗ് സെന്ററുകൾ ആരംഭിക്കും. നാളികേര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് കേരശ്രീ പദ്ധതി വഴി കേര ക്ലസ്റ്ററുകൾക്ക് ധനസഹായം നൽകും. ഗുണമേന്മയുള്ള തെങ്ങിൻതൈകൾ കുറഞ്ഞ വിലയ്ക്ക് നൽകുന്നതിനും അഗ്രോക്ലിനിക്കുകളുടെ പ്രവർത്തനം ശക്തിപ്പെടുന്നതിനും നടപടി സ്വീകരിക്കും. കർഷക അവാർഡുകൾ മുടക്കമില്ലാതെ നൽകും. അവാർഡ് തുക വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കും. യഥാർത്ഥ കർഷകർക്ക് ഗ്രീൻകാർഡ് നൽകുന്നതാണ്. സൂക്ഷ്മജലസേചന പദ്ധതി വ്യാപിപ്പിക്കുകയും കൃഷിഭവനുകൾവഴി വിത്ത്, വളം, കീടനാശിനികൾ എന്നിവ എത്തിക്കുന്നതിനുള്ള സംവിധാനം വിപുലപ്പെടുത്തുകയും ചെയ്യും. നെല്ല്, നാളികേരം, പച്ചക്കറി എന്നിവയുടെ സംഭരണത്തിനും വിപണനത്തിനുമായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം വിപുലപ്പെടുത്തും. പത്ത് കോടി രൂപ വകയിരുത്തി വിലസ്ഥിരതാഫണ്ട് ഏർപ്പെടുത്തും. കൃഷിവകുപ്പിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് വകുപ്പുതല പുന:സംഘടന നടത്താൻ ഉദ്ദേശിക്കുന്നു. ജൈവകൃഷി വിപുലപ്പെടുത്തുന്നതാണ്. 'ആയിരം പച്ചക്കറി ഗ്രാമങ്ങൾ പദ്ധതി' -യും 'അഗ്രി അറ്റ് സ്കൂൾ പദ്ധതി' -യും ഈ വർഷവും നടപ്പിലാക്കും. മണ്ണിന്റെ ഘടന വ്യക്തമാക്കുന്ന സോയിൽ ഹെൽത്ത് കാർഡുകൾ ഈ വർഷംമുതൽ കർഷകർക്ക് നൽകും. ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന സോയിൽ ടെസ്റ്റ് ലാബുകളുടെ പ്രവർത്തനം ഇപ്പോൾ പഞ്ചായത്ത്തലംവരെ ലഭ്യമാകുന്നുണ്ട്. കാലാവസ്ഥാ

വ്യതിയാനവും കാലാവസ്ഥാ വിവരങ്ങളും കർഷകർക്ക് എത്തിച്ചുകൊടുക്കുന്ന ഒരു സംവിധാനം കേന്ദ്രസഹായത്തോടെ നടപ്പിലാക്കും. കാർഷിക മേഖലയിലെ വിജ്ഞാനവ്യാപനത്തിനായി നടപടി സ്വീകരിക്കും. ഈ ഗവൺമെന്റ് നെൽകൃഷിമേഖലയിൽ ആരംഭിച്ച ഇൻഷ്വറൻസ് പദ്ധതിപോലെ പച്ചക്കറി മേഖലയിലും ഒരു ഇൻഷ്വറൻസ് പദ്ധതി കൊണ്ടുവരുന്നതാണ്. കർഷക പെൻഷൻ നൽകാൻ 'കിസാൻ അഭിമാൻ' എന്ന ക്ഷേമപദ്ധതി ഈ വർഷം ആരംഭിക്കും. നടീൽവസ്തുക്കൾ പ്രയാസംകൂടാതെ ലഭ്യമാക്കുന്നതിന് ഇപ്പോഴുള്ള സൗകര്യങ്ങൾ കൂടുതൽ വിപുലപ്പെടുത്തും. കാർഷികോത്സവങ്ങൾ നടത്തുന്നതിനെക്കുറിച്ച് പരിശോധിക്കും. കൃഷിവകുപ്പിന്റെ നൂറാം വാർഷികത്തോടനുബന്ധിച്ച് 100 സ്വാശ്രയ കർഷകഗ്രാമങ്ങൾ ഈ വർഷം പ്രവർത്തനം ആരംഭിക്കും. തലസ്ഥാനത്ത് ഒരു കർഷകഭവൻ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. വിവിധ വകുപ്പുകൾവഴി കൃഷി ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന കാർഷിക പദ്ധതികൾ പരിശോധിക്കാനും വിലയിരുത്താനും സംസ്ഥാന ജില്ലാ തലങ്ങളിൽ സംവിധാനം ഏർപ്പെടുത്തും.

**സബ്മിഷൻ**

(1) <u>അഭിലാഷിനെ മോചനം</u>

<u>ശ്രീ. പി. സി. ജോർജ് </u>: സുഡാനിൽവച്ച് കൊളളക്കാർ തട്ടിക്കൊണ്ടുപോയ മലയാളിയായ അഭിലാഷിനെ എത്രയും പെട്ടെന്ന് മോചിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി <u>(ശ്രീ. വി. എസ്. അച്ചുതാനന്ദൻ) </u>: സുഡാനിലെ പെട്രോ എനർജി കോൺട്രാക്ടിംഗ് സർവ്വീസ് ഓയിൽ കമ്പനിയിലെ മെക്കാനിക്കൽ

ഡ്രാഫ്റ്റ്സ്മാനായ അഭിലാഷിനെയും മൂന്ന് ജീവനക്കാരെയും 13-05-2008 -ൽ ഒരു കൂട്ടം തദ്ദേശീയരായ ഗിരിവർഗ്ഗക്കാർ തട്ടിക്കൊണ്ടുപോയതായും അവരെ രക്ഷപ്പെടുത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കണമെന്നും അഭിലാഷിന്റെ പിതാവിൽനിന്നും നിവേദനം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ അഭിലാഷിനെ മോചിപ്പിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന ഭ്യർത്ഥിച്ചുകൊണ്ട് സുഡാനിലെ ഇൻഡ്യൻ അമ്പാസ്സിഡർക്ക് 02-06-2008-ൽ ഫാക്സ് സന്ദേശം അയച്ചിട്ടുണ്ട്. അതിന് എമ്പസ്സിയിൽനിന്നും മറുപടി ഒന്നും ലഭിച്ചിട്ടില്ല. തുടർന്ന് ഒരു ഇ-മെയിൽ സന്ദേശവും എമ്പസ്സിക്ക് അയച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് ഔദ്യോഗിക സ്ഥിരീകരണം എമ്പസ്സി യിൽനിന്നും ഇതുവരെ ലഭിച്ചിട്ടില്ല. ഇക്കാര്യത്തിൽ തുടർനടപടികൾ കൈക്കൊള്ളുന്നതാണ്.

(2) അന്യസംസ്ഥാനങ്ങളിൽ ഉപരിപഠനം നടത്തുന്ന വിദ്യാർത്ഥികളുടെ വിവരം ശേഖരിക്കൽ

ശ്രീ. എം. ഉമ്മർ: അന്യസംസ്ഥാനങ്ങളിൽ ഉപരിപഠനം നടത്തുന്ന വിദ്യാർത്ഥികളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവർക്ക് സംസ്ഥാന ത്തുതന്നെ പഠിക്കുന്നതിനുള്ള അവസരം ഒരുക്കുന്നതിനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) : അന്യസംസ്ഥാനങ്ങളിൽ ഉപരിപഠനത്തിന് പോകുന്ന കുട്ടികളുടെ കണക്കെടുക്കാനുള്ള ഏക മാർഗ്ഗം അവർക്ക് നൽകുന്ന മൈഗ്രേഷൻ സർട്ടി ഫിക്കറ്റാണ്. ആ മൈഗ്രേഷൻ സർട്ടിഫിക്കറ്റ് വഴി വിവരങ്ങൾ ശേഖരിക്കുന്ന താണ്. പശ്ചാത്തല സൗകര്യമില്ലാത്ത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതാണ്.

(3) <u>നെൽവയലുകൾ നികത്തുന്നതുമൂലമുള്ള ബുദ്ധിമുട്ടുകൾ</u>

<u>ശ്രീ. ബി. രാഘവൻ</u> : കേരളത്തിലെ നെൽവയലുകൾ സംരക്ഷിക്കാൻ സമഗ്രമായ നിയമനിർമ്മാണം നടത്താനും നെൽപ്പാടം നികത്തുന്നതിന് കൂട്ടു നിൽക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാനും തയ്യാറാകണം.

റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ.പി. രാജേന്ദ്രൻ):</u> കേരളത്തിലെ നെൽവയലുകൾ പരിവർത്തനം ചെയ്യുന്നത് തടയുന്നതിന് ജില്ലാ കളക്ടർമാരും ആർ.ഡി.ഒ.-മാരും കർശന നടപടി സ്വീകരിച്ചുവരുന്നുണ്ട്. കൃഷി ഭൂമി നികത്തുന്ന മാഫിയാ സംഘങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിച്ചുവരുന്നു. എല്ലാ ജില്ലകളിലും ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ വിജിലൻസ് ഇൻസ്പെക്ഷൻ ടീം പരിശോധന നടത്തുന്നുണ്ട്. വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കുന്നതാണ്.

(4) <u>ലൈൻമാൻ ബിനോയിയുടെ മരണം</u>

<u>ശ്രീ.കെ.എം.മാണി:</u> പാലാ നിയോജക മണ്ഡലത്തിൽപ്പെട്ട കുമ്പാനി യിൽ കെ.എസ്.ഇ.ബി. ലൈൻമാൻ ശ്രീ കെ.കെ. ബിനോയ് 11 കെ.വി. ലൈനിൽ അറ്റകുറ്റപ്പണികൾ നടത്തിക്കൊണ്ടിരിക്കുന്നതിനിടെ ഷോക്കേറ്റ് മരി ച്ച സംഭവത്തിൽ അയാളുടെ കുടുംബത്തെ സഹായിക്കാൻ അടിയന്തിര നട പടികൾ സ്വീകരിക്കണം.

പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി <u>(ശ്രീ. എ.കെ.ബാ ലൻ):</u> പാലാ ഇലക്ട്രിക്കൽ സെക്ഷനിലെ ഇല്കട്രിസിറ്റി വർക്കറായ കെ.കെ. ബിനോയ് 09-07-2008-ന് വൈകുന്നേരം 4 മണിക്ക് 11 കെ.വി.ലൈനിൽ അറ്റകുറ്റപ്പണികൾ നടത്തുമ്പോൾ ഷോക്കേറ്റ് മരിച്ച സംഭവത്തിൽ പ്രാഥമിക അന്വേഷണം നടത്തി ഉത്തരവാദികളായ ഉദ്യോഗസ്ഥരെ സസ്പെന്റ്

ചെയ്യുകയും വകുപ്പുതല അന്വേഷണം നടത്തിവരികയുമാണ്. അയാളുടെ കുടുംബത്തിന് നഷ്ടപരിഹാരമായി മൂന്നരലക്ഷത്തോളം രൂപയും എംപ്ലോയീസ് വെൽഫെയർ ഫണ്ടിൽ നിന്ന് ഒരു ലക്ഷം രൂപയും നിയമാനുസൃതമായ ഗ്രാറ്റുവിറ്റിയും ലഭിക്കും. അനന്തരാവകാശിക്ക് കെ.എസ്.ഇ.ബി.യിൽ ആശ്രിതനിയമനവും നൽകുന്നതാണ്.

(5) ഹൈന്ദവാശ്രമങ്ങൾക്ക് സംരക്ഷണം

ശ്രീ. ജോസഫ് എം.പുതുശ്ശേരി : കപടസന്യാസിമാർക്കതിരെയുള്ള നടപടിയുടെ പേരിൽ മികച്ച രീതിയിൽ പ്രവർത്തിക്കുന്ന ഹൈന്ദവാശ്രമങ്ങൾക്കും സ്വാമിമാർക്കുമെതിരെ നടക്കുന്ന ആക്രമണങ്ങൾ തടയാൻ നടപടി സ്വീകരിക്കണം.

ആഭ്യന്തര വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): ആത്മീയതയുടേയും ജീവകാരുണ്യ പ്രവർത്തനങ്ങളുടേയും പേരിൽ ചില സ്ഥാപനങ്ങളും വ്യക്തികളും സമീപകാലത്ത് തട്ടിപ്പുനടത്തുന്നതിനെതിരായി ചില രാഷ്ട്രീയ-യുവജന സംഘടനകൾ നടത്തുന്ന പ്രതിഷേധം അക്രമ മാർഗ്ഗത്തിലേയ്ക്ക് പോകുന്നത് തടയാൻ പോലീസ് ശക്തമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത പല കേസ്സുകളിലും പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. നിയമം കയ്യിലെടുക്കാൻ ആരേയും അനുവദിക്കുന്നതല്ല.

(6) പാലം നിർമ്മാണം

ശ്രീ.എം. പ്രകാശൻ മാസ്റ്റർ: കണ്ണൂർ ജില്ലയിലെ മാട്ടൂർ-മടക്കര പാലത്തിന്റെ പണി പൂർത്തീകരിക്കുന്നതിനും അഴീക്കോട്, ഇരിണാവ് പുഴയ്ക്ക് കുറുകെ പുതിയ പാലം പണിയുന്നതിനും നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): മാട്ടൂർ-മടക്കര പാലത്തിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്. ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ള വിയർ-കം-ബ്രിഡ്ജ് മാറ്റി ഇരിണാവ് പുഴയ്ക്ക് കുറുകെ പുതിയ പാലം പണിയുന്ന കാര്യം ഇറിഗേഷൻ വകുപ്പുമായി ചർച്ചചെയ്ത് തീരുമാനിക്കുന്നതാണ്.

(7) കൊച്ചി നഗരത്തിലെ ഗതാഗതക്കുരുക്ക്

ശ്രീ. കെ. ബാബു: കൊച്ചി ബൈപ്പാസിൽ ഫ്ളൈ-ഓവർ ഉൾപ്പെടെ നിർമ്മിച്ച് കൊച്ചി നഗരത്തിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): കൊച്ചി നഗരത്തിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് ബൈപ്പാസിൽ വിവിധ ഫ്ളൈ ഓവറുകൾ നിർമ്മിക്കുന്നതും വൈറ്റില-പേട്ട റോഡ് നാലുവരിപ്പാതയാക്കുന്നതും സീപോർട്ട്-എയർപോർട്ട് റോഡ് വിപുലീകരിച്ച് രണ്ടാംഘട്ട പദ്ധതി നടപ്പാക്കുന്നതും, വൈപ്പിൻ-മൂതുകുന്നം തീരദേശ ഹൈവേ നിർമ്മാണവും, ദേശീയപാത 47(എ) കുണ്ടന്നൂർ-വെല്ലിംഗ്ടൺ ഐലന്റിലേക്ക് പോകുന്ന പാത നാലുവരിപ്പാതയാക്കുന്നതും അടങ്ങുന്ന നാഷണൽ ഹൈവേ വികസന പദ്ധതി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ച് കേന്ദ്ര ഉപരിതല മന്ത്രാലയവുമായി ഇതിനോടകം ചർച്ചകൾ നടത്തിയിട്ടുണ്ട്. ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. കൊച്ചി നഗരത്തിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നത് സംബന്ധിച്ച് സാദ്ധ്യതാപഠനം

നടത്താൻവേണ്ടി ഒരു കൺസൾട്ടൻസിയെ നിയമിക്കുവാൻ എൻ.എച്ച്.എ. തീരുമാനിച്ചിട്ടുണ്ട്.

(8) <u>പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം</u>

<u>ശ്രീ. വി. ശിവൻകുട്ടി:</u> റെയിൽവേ കെട്ടിടത്തിൽ വാടകയ്ക്ക് പ്രവർത്തിക്കുന്ന തിരുവനന്തപുരത്തെ തമ്പാനൂർ പോലീസ് സ്റ്റേഷന് ട്രിഡയുടെ കൈവശമുള്ള സ്ഥലത്ത് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ തദ്ദേശ സ്വയംഭരണവകുപ്പുമായി ആലോചിച്ച് അടിയന്തിര നടപടി സ്വീകരിക്കണം

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി <u>(ശ്രീ. എം. വിജയകുമാർ</u>): തമ്പാനൂർ പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം നൽകാൻ ട്രിഡ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. ഭൂമി ലഭിക്കുന്ന മുറയ്ക്ക് കെട്ടിടനിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതാണ്.

(9) <u>കെ.എസ്.ഇ.ബി. പെൻഷനേഴ്സ് അസോസിയേഷന്റെ ഉപവാസ സമരം</u>

<u>ശ്രീ. എം. മുരളി</u>: 1-7-2003 മുതൽ കെ.എസ്.ഇ.ബി. ജീവനക്കാർക്ക് നൽകിയ ശമ്പള പരിഷ്ക്കരണത്തിനനുസരണമായി പെൻഷൻ പരിഷ്ക്കരണം നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ട് കെ.എസ്.ഇ.ബി. പെൻഷനേഴ്സ് അസോസിയേഷൻ ഭാരവാഹികൾ സെക്രട്ടേറിയറ്റ് നടയിൽ 24 മണിക്കൂർ ഉപവാസ സമരമനുഷ്ഠിക്കുകയാണ്. അവരുടെ ആവശ്യം നടപ്പിലാക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി <u>(ശ്രീ.എ.കെ.ബാലൻ</u>): 2006-ൽ നടത്തിയ പെൻഷൻ പരിഷ്ക്കരണ

മാനദണ്ഡമനുസരിച്ച് കെ.എസ്.ഇ.ബി.-യിലെ പെൻഷൻ പരിഷ്ക്കരിക്കുന്നതിനുള്ള ബോർഡിന്റെ തീരുമാനം സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിരിക്കുകയാണ്. ധനകാര്യ വകുപ്പിന്റെ പരിശോധനയ്ക്ക് വിധേയമായി മാത്രമേ സർക്കാരിന് ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ സാധിക്കൂ. ധനകാര്യ വകുപ്പിൽ നിന്നും അനുകൂലമായ തീരുമാനമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

(10) തൊഴിലാളികൾക്ക് അർഹതപ്പെട്ട ക്ഷാമബത്ത

ശ്രീ. എ.എം. യൂസഫ്: വ്യവസായ തൊഴിലാളികൾക്ക് ഇപ്പോൾ നിശ്ചയിക്കുന്ന ക്ഷാമബത്ത യഥാർത്ഥ വിലയുമായി താരതമ്യം ചെയ്യുമ്പോൾ വളരെ കുറവാണ്. തൊഴിലാളികൾക്ക് അർഹതപ്പെട്ട ക്ഷാമബത്ത ലഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട 17 സെന്ററുകളിലും എല്ലാ മാസവും വിലനിലവാരം ശേഖരിച്ച് പ്രത്യേകം ഇൻഡക്സ് തയ്യാറാക്കി തൊഴിലാളികൾക്ക് ഒരു നിലയിലും നഷ്ടംവരാത്ത വിധത്തിലാണ് ക്ഷാമബത്താ നിരക്ക് നിശ്ചയിക്കുന്നത്.

(11) സർവ്വേയർമാരുടെ സ്ഥലംമാറ്റം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: മൂന്നാർ ദൗത്യസംഘത്തിൽ ഉൾപ്പെട്ട കാലാവധി പൂർത്തിയാക്കിയ സർവ്വേയർമാർക്ക് സ്ഥലംമാറ്റം അനുവദിക്കാൻ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): മൂന്നാർ ദൗത്യസംഘത്തിൽ ഒരുവർഷത്തിലധികമായി ജോലിചെയ്യുന്ന സർവ്വേയർമാർക്ക് നേരത്തെ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ

സ്ഥലംമാറ്റം നൽകുന്നതിനും പുതിയ സർവ്വേയർമാരെ നിയമിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. അത് എത്രയും വേഗം നടപ്പിലാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

(12) ബസ് സർവ്വീസുകൾ പുനരാരംഭിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. എ.എ. അസീസ്: ഇരവിപുരം മണ്ഡലത്തിൽ പട്ടത്താനം-ഗോപാലശ്ശേരി വഴി പാരിപ്പള്ളിയിലേയ്ക്കും ആറ്റിങ്ങൽ-ചന്ദനത്തോപ്പ് വഴി കൊട്ടാരക്കരയിലേയ്ക്കും നടത്തിയിരുന്ന കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ പുനരാരംഭിച്ച് യാത്രാക്ലേശം പരിഹരിക്കാൻ നടപടി സ്വീകരിക്കണം.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): വാഹനങ്ങളുടെ അപര്യാപ്തതമൂലമാണ് സർവ്വീസ് നടത്താൻ കഴിയാതിരുന്നത്. പണികഴിഞ്ഞ ഒരു ബസ് ഡീസന്റ്മുക്ക്-ചന്ദനത്തോപ്പ്-കൊട്ടാരക്കര റൂട്ടിൽ 18-7-08 മുതൽ സർവ്വീസ് നടത്തും. ഗോപാലശ്ശേരി-പാരിപ്പള്ളി റൂട്ടിൽ ബസ് ലഭ്യമാക്കി സർവ്വീസ് നടത്തുന്ന കാര്യം സജീവമായി പരിഗണിക്കുന്നതാണ്.

(13) തസ്തികകൾ സൃഷ്ടിക്കൽ

ശ്രീ.കെ. മുഹമ്മദുണ്ണി ഹാജി: കൊണ്ടോട്ടി നിയോജകമണ്ഡലത്തിലെ കെട്ടിട സൗകര്യമുള്ള പി.എച്ച്.സി.-കളിൽ കിടത്തി ചികിൽസിക്കാൻ അനുമതി നൽകുന്നതിനും സി.എച്ച്.സി.-കളിൽ അടിയന്തിരമായി ഡോക്ടർമാരുടേയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും തസ്തികകൾ സൃഷ്ടിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും

വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളായി ഉയർത്തിയ സ്ഥലങ്ങളിൽ പാറ്റേൺ അനുസരിച്ചുള്ള പുതിയ തസ്തികകൾ സൃഷ്ടിക്കാനുള്ള നടപടികൾ നടന്നുവരുന്നു. കൊണ്ടോട്ടി സി.എച്ച്.സി.യിൽ കോൺട്രാക്ട് അടിസ്ഥാനത്തിലുൾപ്പെടെ 7 ഡോക്ടർമാരും 18 പാരാമെഡിക്കൽ സ്റ്റാഫും ജോലി ചെയ്യുന്നുണ്ട്.

(14) പുതുക്കിയ കാർഷിക വായ്പയ്ക്ക് കടാശ്വാസം

ശ്രീ. എം.വി. ശ്രേയാംസ് കുമാർ: കേന്ദ്രസർക്കാരിന്റെ കർഷക കടാശ്വാസ പാക്കേജുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ നൽകിയ പലിശ സബ്സിഡി ഉപയോഗിച്ച് 2008-ലെ 'ശതശതമാനം കേരളീയം പദ്ധതി' യിലൂടെ കാർഷിക കടങ്ങൾ പുതുക്കിയ വയനാട് ജില്ലയിലെ 17560 കർഷകരെ വായ്പ എഴുതിത്തള്ളുന്നതിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നു. കേന്ദ്ര പാക്കേജിൽ ഉൾപ്പെടാത്ത അത്തരം കർഷകർക്ക് സംസ്ഥാന സർക്കാരിന്റെ കടാശ്വാസം ലഭ്യമാക്കണം.

കൃഷിവകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): 2008 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ വായ്പാ കുടിശ്ശിക അവസാനിപ്പിച്ചവർക്കും 1997 മാർച്ച് 31-നുമുമ്പ് വായ്പയെടുത്ത് കുടിശ്ശിക വന്നവർക്കും 2008 ഫെബ്രുവരി മാസം അവസാനം കേന്ദ്രഗവൺമെന്റ് പ്രഖ്യാപിച്ച കടാശ്വാസ പദ്ധതിയുടെ ആനുകൂല്യം ലഭിക്കാതിരിക്കുന്ന സാഹചര്യം ഉണ്ടായപ്പോൾ അവർക്കുകൂടി ഇത് ബാധകമാക്കി മാനദണ്ഡത്തിൽ മാറ്റം വരുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചെങ്കിലും കേന്ദ്ര ഗവൺമെന്റിൽ നിന്നും അനുകൂലമായ പ്രതികരണമുണ്ടായില്ല. കേരള കർഷക കടാശ്വാസ കമ്മീഷന്റെ ശുപാർശ അംഗീകരിച്ച് ഒരു ഏക്കറിൽ കവിയാത്ത ഭൂമിയുള്ള

വയനാട് ജില്ലയിലെ കർഷകരുടെ 30-6-2006 വരെ സഹകരണ സ്ഥാപനങ്ങളിൽ നിന്നുമെടുത്തിട്ടുള്ള 25,000 രൂപവരെയുള്ള കേന്ദ്ര കടാശ്വാസത്തിന്റെ പരിധിയിൽ വരാത്ത കാർഷിക കടങ്ങൾ സംസ്ഥാന ഗവൺമെന്റ് ഏറ്റെടുക്കുന്നതിന് 25-1-08-ൽ പുറപ്പെടുവിച്ച ഉത്തരവനുസരിച്ച് ഏകദേശം 51 കോടിയോളം രൂപ വിനിയോഗിക്കുന്നതാണ്.

(15) <u>പുഴയോര പദ്ധതിക്ക് അനുമതി</u>

<u>ശ്രീ. ബാബുപോൾ:</u> മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലെ ത്രിവേണി സംഗമത്തിൽ ടൂറിസ്റ്റുകൾക്കുവേണ്ടി ബോട്ടിംഗ് ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിനും മൂന്നു നദികളേയും പരസ്പരം ബന്ധിപ്പിക്കുന്ന തൂക്കുപാലം നിർമ്മിക്കുന്നതിനും പുഴയോര ടൂറിസത്തിനും ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ സമർപ്പിച്ച പദ്ധതിക്ക് അനുമതി നൽകണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി <u>(ശ്രീ. എം. വിജയകുമാർ</u>): ഡി.ടി.പി.സി. ചെയർമാൻ കൂടിയായ എറണാകുളം ജില്ലാകളക്ടർ തയ്യാറാക്കുന്ന പാരിസ്ഥിതിക പഠന റിപ്പോർട്ട് ലഭിച്ചാൽ ഉടൻതന്നെ മൂവാറ്റുപുഴ ത്രിവേണി സംഗമത്തിലെ പുഴയോര ടൂറിസം പദ്ധതി പ്രാവർത്തികമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(16) <u>പരാതികൾ സമർപ്പിക്കുന്ന തീയതി നീട്ടേണ്ടതിന്റെ ആവശ്യകത</u>

<u>ശ്രീ. അൽഫോൺസ് കണ്ണന്താനം:</u> ഭൂമിയുടെ തറവില നിശ്ചയിച്ചതിനെ സംബന്ധിച്ച് ആർ.ഡി.ഒ.-യ്ക്ക് പരാതികൾ നൽകാനുള്ള അവസാന തീയതി അടുത്തമാസം 15-ാം തീയതിവരെ ദീർഘിപ്പിക്കുന്നതിനും രജിസ്ട്രേഷൻ ഫീ 4% ആയി കുറയ്ക്കുന്നതിനും നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): തറവില നിശ്ചയിച്ചതു സംബന്ധിച്ച് പരാതികൾ സമർപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ വില്ലേജ്/പഞ്ചായത്ത്/താലൂക്ക് ഓഫീസുകളിലും കളക്ടറേറ്റിലും പ്രസിദ്ധികരിക്കുകയും വൈബ്സൈറ്റിലൂടെയും പത്രമാധ്യമങ്ങളിലുടെയും പ്രചാരണം നൽകുകയും ചട്ടങ്ങൾ അനുസരിച്ച് 5-7-2008 വരെ രണ്ടുമാസത്തെ സമയം കൊടുക്കുകയും ചെയ്തിരുന്നു. ഇതുവരെ 4994 ആക്ഷേപങ്ങളും നിർദ്ദേശങ്ങളും ലഭിച്ചതിൽ 826 എണ്ണം തീർപ്പാക്കുകയും ഇതുവരെയുള്ള പുരോഗതി പരിശോധിക്കുകയും ജില്ലാകളക്ടറുടെ നേതൃത്വത്തിൽ രജിസ്ട്രേഷൻ വകുപ്പ് ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ട് ആർ.ഡി.ഒ.മാർ ഓരോ ഏരിയയും പരിശോധിച്ച് ആക്ഷേപങ്ങൾക്ക് പരിഹാരം കാണണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. 1959-ലെ കേരള മുദ്രപ്പത്ര നിയമത്തിലെ വകുപ്പ് 28 എ, ഉപവകുപ്പ് 4 പ്രകാരം അന്തിമമായി ഫെയർവാല്യൂ പരിശോധിക്കുന്ന തീയതിമുതൽ 30 ദിവസത്തിനകം ജില്ലാകളക്ടർക്ക് അപ്പീൽ കൊടുക്കാൻ കഴിയുന്ന വിധത്തിൽ ഇത് കൊണ്ടുവരാൻ ശ്രമിക്കാം.

(17) ലാൻഡ് ബാങ്കിൽ പട്ടയഭൂമി ചേർക്കുന്നതായ പരാതി

ശ്രീ. കെ.കെ. ജയചന്ദ്രൻ: 1960-ലെ ഭൂമി പതിവ് നിയമത്തിലെ പുതിയ ഭേദഗതി അനുസരിച്ച് മലയോര കർഷകർക്ക് കൈവശം വയ്ക്കാവുന്ന ഭൂമി നേരത്തെ 4 ഏക്കർ ആയിരുന്നത് ഇപ്പോൾ ഒരേക്കറാക്കുകയും ബാക്കി വരുന്ന ഭൂമി ലാൻഡ് ബാങ്കിന്റെ കീഴിൽ ചേർക്കുമെന്നുമുള്ള പ്രചാരണം നിലനിൽക്കുന്നതുമൂലം കർഷകർക്കുണ്ടായിട്ടുള്ള ആശങ്ക അവസാനിപ്പിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): ഗവൺമെന്റ് ഭൂമി കയ്യേറ്റം ഒഴിവാക്കി സംരക്ഷിക്കുന്നതിനും അർഹതപ്പെട്ട ഭൂരഹിതർക്ക്

നിയമാനുസൃതം നൽകുന്നതിനും പൊതു ആവശ്യങ്ങൾക്ക് വിനിയോഗിച്ച് സർക്കാർ വരുമാനം വർദ്ധിപ്പിക്കുന്നതിനും വേണ്ടിയാണ് ലാൻഡ് ബാങ്ക് രൂപീകരിച്ചത്. ഒരേക്കറിൽ കൂടുതൽ വരുന്ന ഭൂമി ലാന്റ് ബാങ്കിൽ ചേർക്കുമെന്ന് ഉടുമ്പൻചോല താലൂക്കിൽ നടക്കുന്ന വ്യാപകമായ പ്രചാരണം അടിസ്ഥാനരഹിതമാണ്. സ്വകാര്യ വ്യക്തികളിൽ നിന്ന് യാതൊരു ഫോറവും പൂരിപ്പിച്ചുനൽകാൻ ഗവൺമെന്റ് നിർദ്ദേശം നൽകിയിട്ടില്ല. നിയമാനുസൃതമായി പട്ടയം ലഭിച്ചവർക്കും അർഹരായ കൈവശക്കാർക്കും ഈ നടപടികളിലൂടെ യാതൊരു ബുദ്ധിമുട്ടുമുണ്ടാകില്ല.

(18) താണിക്കുടം ഭഗവതി മിൽസ്

ശ്രീ. രാജാജി മാത്യു തോമസ്: ഒല്ലൂർ നിയോജകമണ്ഡലത്തിലെ താണിക്കുടം ഭഗവതി മിൽസ് നേരിടുന്ന സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനും 280-ഓളം വരുന്ന തൊഴിലാളി കുടുംബങ്ങളെ സംരക്ഷിക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കണം.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): 1997-ൽ താണിക്കുടം ഭഗവതി മിൽസിന്റെ നവീകരണത്തിനുവേണ്ടി കൺസോർഷ്യം ബാങ്കുകളിൽ നിന്നും ലഭിക്കേണ്ട വായ്പ കാത്തലിക് സിറിയൻ ബാങ്ക് നൽകാത്തതിനെത്തുടർന്ന് വർക്കിംഗ് ക്യാപ്പിറ്റലിന്റെ അഭാവത്തിൽ അത് സിക്ക് യൂണിറ്റായി. ഒ.ടി.എസ്.-നുവേണ്ടിയുള്ള ശ്രമം പരാജയപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 30-05-2008-ൽ ബാങ്ക് അധികൃതരും മാനേജുമെന്റും ഉദ്യോഗസ്ഥരും യോഗം ചേർന്ന് കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോർപ്പറേഷന്റെ നേതൃത്വത്തിൽ കിഡ്ക്കോസ്, സിട്ര തുടങ്ങിയ ഏജൻസികളെക്കൊണ്ട് സമയബന്ധിതമായി വയബിലിറ്റി പഠനം നടത്തി

റിപ്പോർട്ട് തയ്യാറാക്കാനും റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് മിൽ തുറന്നു പ്രവർത്തിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**റിപ്പോർട്ട് സമർപ്പണം.**

(1) പൊതുമേഖലാ സ്ഥാപനങ്ങൾക്കായുള്ള സമിതിയുടെ അൻപത്തി രണ്ടും അൻപത്തി മൂന്നും റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(2) സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(3) പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(4) അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ പതിനാലാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**ധനകാര്യം**

ധനകാര്യവകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): 2008-09 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ് മേശപ്പുറത്തു വയ്ക്കുന്നു.

**നിയമനിർമ്മാണ കാര്യം**

2008-ലെ കേരള ധനകാര്യ ബില്ലും 2008-ലെ കേരള ധനകാര്യ (രണ്ടാം നമ്പർ) ബില്ലും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം

ധനകാര്യവകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): 2008-ലെ കേരള ധനകാര്യ ബില്ലും 2008-ലെ കേരള ധനകാര്യ (രണ്ടാം നമ്പർ) ബില്ലും സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. എം. കെ. പ്രേംനാഥ്: 2008-ലെ കേരള ധനകാര്യബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 20-08-2008 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു : 2008-ലെ കേരള ധനകാര്യ (രണ്ടാം നമ്പർ) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-7-2008 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ജോർജ് മേഴ്സിയർ: ധനകാര്യ ബില്ലുകളെ എതിർക്കുന്നു. എം.എൽ.എ. മാരുടെ പ്രാദേശിക വികസന ഫണ്ട് ഒന്നേകാൽ കോടി രൂപയായി ഉയർത്തണം. കേരളത്തിലെ വൻകിട കുത്തക കച്ചവടക്കാരെ നിരുൽസാഹപ്പെടുത്തുന്നതിനുവേണ്ടി ഏർപ്പെടുത്തിയ 10 ശതമാനം സർച്ചാർജ് 15 ശതമാനമായി വർദ്ധിപ്പിക്കണം. ജനറൽ സെയിൽസ് ടാക്സ് ആക്ടിലെ വ്യവസ്ഥകൾ പ്രകാരം ആദ്യത്തെ മൂന്നുവിഭാഗം ആളുകളുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം. ഏവിയേഷൻ ഫ്യൂവലിന്റെ ടാക്സ് കുറച്ച നടപടി പുന:പരിശോധിക്കണം. മൊബൈൽ ഫോണിന്റെ റീ-ചാർജ് കൂപ്പൺ സെയിലിന്മേലുള്ള റിട്രോസ്പെക്ടീവ് എക്സംപ്ഷൻ എടുത്തുകളയാതെ അവരിൽ നിന്നും ടാക്സ് ഈടാക്കാൻ നടപടി സ്വീകരിക്കണം. സോഷ്യൽ സെക്യൂരിറ്റി സെസ്സിനെ സംബന്ധിച്ച് വ്യക്തതയുണ്ടാകണം. ലോട്ടറിയുടെ നിലവിലുള്ള റേഷ്യോ പുന:സ്ഥാപിക്കാനും ഭക്ഷ്യക്ഷാമം നിയന്ത്രിക്കാനും നടപടിയുണ്ടാകണം. ഭക്ഷ്യസുരക്ഷാപദ്ധതിക്ക് പണം അനുവദിക്കണം. ഈ സർക്കാർ കർഷക ഇൻഷ്വറൻസ് പദ്ധതി അട്ടിമറിച്ചു. കെ.എസ്.ടി.പി.-ക്ക് ആവശ്യമായ പണം അനുവദിക്കണം. കർഷക കടാശ്വാസ കമ്മിഷനിൽ ജീവനക്കാരെ

നിയമിക്കുന്നതിൽ കാലതാമസമുണ്ടാക്കിയത് നീതീകരിക്കാനാവില്ല. 'ശതശതമാനം കേരളീയം' പദ്ധതിയിലൂടെ ജനങ്ങളെ ഈ ഗവൺമെന്റ് വഞ്ചിച്ചിരിക്കുകയാണ്.

ശ്രീ. എ. പ്രദീപ് കുമാർ: ധനകാര്യ ബില്ലുകളെ അനുകൂലിക്കുന്നു. സാധാരണ മനുഷ്യരുടെ ജീവിത പുരോഗതിയെ ലക്ഷ്യം വച്ചുകൊണ്ടുള്ള ഒട്ടനവധി പദ്ധതികൾ ഈ ഗവൺമെന്റ് കൊണ്ടുവന്നു. വൻകിട കുത്തകകളെ നിയന്ത്രിക്കുന്നതിനുവേണ്ടി ആ മേഖലയിൽ 10 ശതമാനം സർച്ചാർജ്ജ് ഏർപ്പെടുത്തിയ നടപടി സ്വാഗതാർഹമാണ്. ക്ഷേമപ്രവർത്തനങ്ങൾക്കാവശ്യമായ വിഭവസമാഹരണം നടത്താൻവേണ്ടി കൊണ്ടുവന്ന സോഷ്യൽ സെക്യൂരിറ്റി സെസ്സിനെ എതിർക്കുന്നത് ശരിയല്ല. സ്വർണ്ണത്തിന് കോംപൗണ്ടിംഗ് നികുതി ഏർപ്പെടുത്തിയത് സ്വാഗതാർഹമാണ്. കോമ്പൗണ്ടിംഗ് ഫീ കൃത്യമായി അടയ്ക്കുന്ന നികുതിദായകർക്ക് അവാർഡും പ്രോൽസാഹനവും നൽകുകയും കോമ്പൗണ്ടിംഗ് ഫീ അടയ്ക്കാത്തവരുടെ പേരിൽ നടപടി സ്വീകരിക്കുകയും ചെയ്യണം. പ്ലാസ്റ്റിക് നിർമ്മാർജ്ജന നിയമം ഫലപ്രദമാണോ എന്നു പരിശോധിക്കണം. ലോക്സഭാ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ മതേതര സഖ്യം അധികാരത്തിൽ വരും.

ശ്രീ. എം. ഉമ്മർ: ധനകാര്യ ബില്ലുകളെ എതിർക്കുന്നു. ധനവിനിയോഗത്തിലെ കെടുകാര്യസ്ഥതയും പദ്ധതി നിർവ്വഹണത്തിലെ കാര്യക്ഷമത ഇല്ലായ്മയും ധനമാനേജുമെന്റിന്റെ കഴിവുകേടുമാണ് ഇതിൽ പ്രതിഫലിക്കുന്നത്. അധികവിഭവ സമാഹരണ സംരക്ഷണത്തെ സംബന്ധിച്ച് ഗവൺമെന്റിനെ സഹായിക്കുന്ന തരത്തിലുള്ള യാതൊരു നടപടിയും

ആസൂത്രണ ബോർഡ് കൈക്കൊണ്ടിട്ടില്ല. യു.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രതിസന്ധിയുണ്ടാകുമ്പോൾ ആസൂത്രണബോർഡാണ് അവരെ സഹായിച്ചിരുന്നതെങ്കിൽ ഈ ഗവൺമെന്റ് ആസൂത്രണ ബോർഡിനെ നോക്കുകുത്തിയാക്കിയിരിക്കുന്നു. ഇവിടെ ധാരാളം പ്രഖ്യാപനങ്ങൾ നടത്തുന്നുണ്ടെങ്കിലും ഒന്നുപോലും പ്രാവർത്തികമാക്കാൻ സാധിക്കുന്നില്ല. മെഡിക്കൽ യൂണിവേഴ്സിറ്റി സ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ല. കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടിയുള്ള എസ്.എസ്.എ, എൻ.ആർ.എച്ച്.എം പദ്ധതികൾക്ക് ധനകാര്യ വകുപ്പിന്റെ യാതൊരു നിയന്ത്രണവുമില്ലാത്തതിനാൽ പണം ധൂർത്തടിച്ചുകൊണ്ടിരിക്കുന്നു. പൊതു വിദ്യാഭ്യാസമേഖല ശക്തിപ്പെടുത്തുന്നതിന് യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. സർക്കാർ സ്കൂളുകളിലും എയിഡഡ് സ്കൂളുകളിലും അദ്ധ്യപകരുടെ ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കണം.

ശ്രീ. രാജാജി മാത്യു തോമസ്: ധനകാര്യ ബില്ലുകളെ അനുകൂലിക്കുന്നു. പ്രതികൂലമായ സാമ്പത്തിക പശ്ചാത്തലത്തിലും വിലക്കയറ്റം നിയന്ത്രിക്കാനും നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്താനും നടപടി സ്വീകരിച്ചു. നികുതി പിരിവ് കാര്യക്ഷമമാക്കി സാധാരണ ജനവിഭാഗങ്ങൾക്ക് ആശ്വാസമേകാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. അഭൂതപൂർവ്വമായ വിലക്കയറ്റവും നാണയപ്പെരുപ്പവും സൃഷ്ടിച്ച് ജനജീവിതം ദുരിതപൂർണ്ണമാക്കിയതിന്റെ ഉത്തരവാദിത്വം ഇന്നത്തെ കേന്ദ്ര ഗവൺമെന്റിനാണ്. വർഗ്ഗീയ വാദികളെ അകറ്റിനിർത്താനാണ് ഇടതുപക്ഷം കോൺഗ്രസിന് പിൻതുണ നൽകിയത്. ഭരണഘടനാ തത്വങ്ങൾ അട്ടിമറിക്കപ്പെട്ടിരിക്കുന്നു. രാജ്യത്തിന്റെ അഭിമാനംപോലും പണയം

വയ്ക്കുന്നതരത്തിലുള്ള കരാറിലേർപ്പെടുന്നതിനെയാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് എതിർക്കുന്നത്. സംസ്ഥാനത്തിന്റെ ധനകാര്യ മാനേജുമെന്റ് കാര്യക്ഷമമാക്കുന്നതിന് ഉദ്യോഗസ്ഥ സംവിധാനത്തിൽ പുനഃസംഘടന ആവശ്യമാണ്.

ശ്രീ.കെ.എം. മാണി : ധനകാര്യ ബില്ലുകളെ എതിർക്കുന്നു. ഗവൺമെന്റിന്റെ പദ്ധതി നിർവ്വഹണം വളരെ പരിതാപകരമാണ്. 2007-08-ൽ പ്ളാൻ ടാർഗെറ്റ് ചെയ്തതിൽ 72 ശതമാനം മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞത്. കഴിഞ്ഞ സാമ്പത്തിക വർഷം ജില്ലാ പഞ്ചായത്തുകൾക്കുവേണ്ടി ബഡ്ജറ്റിൽ നീക്കിവച്ച തുകയിൽ 60 ശതമാനവും ചെലവഴിച്ചിരിക്കുന്നത് മാർച്ച് മാസത്തിലാണ്. ധനവിനിയോഗ രംഗത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന മിസ്മാനേജ്മെന്റ് തിരുത്തണം. ബഡ്ജറ്റിൽ പറയാത്ത പുതിയ നികുതി നിർദ്ദേശങ്ങൾ കൊണ്ടുവന്ന് അവയ്ക്ക് പ്രാബല്യം നൽകുന്നതിനുവേണ്ടി യുള്ള ബില്ലാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. അഞ്ച് മുറികളുള്ള, ഓരോ മുറിക്കും ആയിരം രൂപയോ അതിനു മുകളിലോ മൊത്തം ചാർജുള്ള എല്ലാ ആശുപത്രികളും 1000 രൂപ അടച്ച് രജിസ്റ്റർ ചെയ്യണമെന്ന പുതിയ നിർദ്ദേശം ഈ ധനകാര്യ ബില്ലിലൂടെ കൊണ്ടുവന്നത് ശരിയല്ല. സി.പി.സി.-യിൽനിന്നും വ്യത്യസ്തമായ വ്യവസ്ഥ ഈ ബില്ലിൽ ചേർത്തിരിക്കുകയാണ്. സാമൂഹ്യ സുരക്ഷാ പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടി വാറ്റ്, എസ്.ടി. എന്നിവ യുടെമേൽ ഏർപ്പെടുത്തിയിട്ടുള്ള ഒരു ശതമാനം സെസ് അടുത്ത ബഡ്ജറ്റി ലൂടെ മാത്രമേ ഉപയോഗിക്കാൻ സാധിക്കുകയുള്ളൂ. കേരള സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി കൊല്ലം, ആലപ്പുഴ എന്നീ രണ്ട് ജില്ലകൾക്കുമാത്ര മായാണ് ബഡ്ജറ്റിൽ പ്രഖ്യാപിച്ചതെങ്കിലും ഈ പദ്ധതി നിയമസഭയുടെ അംഗീകാരമില്ലാതെ 14 ജില്ലകളിലേയ്ക്കും വ്യാപിപ്പിച്ചുകൊണ്ട് ഇറക്കിയ

ഉത്തരവ് ശരിയല്ല. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ ടെണ്ടർ കണ്ടീഷൻസ് പ്രകാരം ഒരു ഗ്രൂപ്പ് ഇൻഷ്വറൻസിൽ 50000 കുടുംബങ്ങളെ ഉൾപ്പെടുത്തണമെന്ന് പറയുന്നത് പബ്ളിക് സെക്ടറിന് സഹായകരമായ നടപടിയല്ല. ഇൻഷ്വറൻസ് ടേംസ് പ്രകാരം വളരെ കുറഞ്ഞ ബെനിഫിറ്റ് മാത്രമാണ് ഗുണഭോക്താക്കൾക്ക് കിട്ടാൻപോകുന്നത്. ബാർ ഹോട്ടലുകളിൽ വിളമ്പുന്ന മദ്യത്തിന്റെ തോതനുസരിച്ചാണ് പാകം ചെയ്യുന്ന ഭക്ഷണപാനീയങ്ങൾക്കും കോമ്പൗണ്ടിംഗ് നിരക്ക് നിശ്ചയിച്ചിട്ടുള്ളതെങ്കിലും ഇപ്പോൾ മദ്യത്തിന്റെ കോമ്പൗണ്ടിംഗിൽനിന്ന് മാറി പ്രത്യേകിച്ച് കോമ്പൗണ്ടിംഗ് നിശ്ചയിച്ചിരിക്കുകയാണ്. വെളിച്ചെണ്ണയ്ക്ക് എക്സംപ്ഷൻ കൊടുക്കുമെന്ന് പറഞ്ഞിട്ടുണ്ടെങ്കിലും ഇപ്പോൾ ലിസ്റ്റിൽപ്പെടുത്തിയിട്ടില്ല. ഇക്കാര്യങ്ങളെല്ലാം പരിശോധിച്ച് തിരുത്തേണ്ടവ തിരുത്തി മുന്നോട്ടുപോകണം.

<u>ശ്രീ.എം.കെ. പ്രേംനാഥ്</u> : ബില്ലുകളെ അനുകൂലിക്കുന്നു. സാമ്പത്തിക രംഗത്ത് പുരോഗമനപരമായ മാറ്റങ്ങൾ വരുത്തിയ സർക്കാരാണ് കേരളം ഭരിക്കുന്നത്. കാർഷിക രംഗത്തും വ്യാവസായിക രംഗത്തും തൊഴിൽ രംഗത്തും വലിയ മാറ്റങ്ങളുണ്ടാക്കാൻ ഈ ഗവൺമെന്റിന് സാധിച്ചു. നഷ്ട ത്തിലായിരുന്ന 27 പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിൽ പ്രവർത്തിപ്പി ക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. മത്സ്യത്തൊഴിലാളി കടാശ്വാസ നിയമം ഉടൻ നടപ്പിലാക്കാൻ പോകുകയാണ്. കർഷക കടാശ്വാസ നിയമം നടപ്പിലാ ക്കിയതുവഴി ധാരാളം കർഷകർക്ക് പ്രയോജനം ലഭിച്ചു. കർഷക ആത്മഹത്യ ഇല്ലാതായി. നെൽ കർഷകരെ സംരക്ഷിക്കുന്നതിനുവേണ്ടി പുതിയ നിയമം കൊണ്ടുവരാൻ പോകുകയാണ്. നെല്ല് സംഭരണത്തിന് മുന്തിയ പരിഗണന കൊടുത്തുകൊണ്ടിരിക്കുകയാണ്. ചെക്ക് പോസ്റ്റുകളുടെ

നവീകരണം, ക്ളീൻ വാളയാർ പദ്ധതി എന്നിവയിലൂടെ കൂടുതൽ സാമ്പത്തിക നേട്ടമാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ശക്തമായ നികുതി ഘടന ഏർപ്പെടുത്തിയതിലൂടെ സാമ്പത്തിക മേഖലയിൽ വളരെയധികം പുരോഗതി കൈവരിക്കാനും നികുതി വെട്ടിപ്പ് തടയാനും സാധിച്ചു. ഡോക്ടർമാർക്ക് ശമ്പളം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചു നൽകണം. സർക്കാർ മേഖലയിലെ കോളേജുകൾക്ക് ആവശ്യമായ സഹായങ്ങൾ നൽകുന്നതിനും പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം. വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന വടക രയിൽ പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കണം. നിർദ്ദിഷ്ട മെഡിക്കൽ യൂണിവേഴ്സിറ്റി മലബാർ മേഖലയിൽ സ്ഥാപിക്കണം. പാഠപുസ്തക വിവാദത്തിൽ പ്രതിപക്ഷം വിമോചനസമരം നടത്തി ഗവൺമെന്റിനെ തകർക്കുന്നതിനുള്ള സമീപനമാണ് സ്വീകരിച്ചു കൊണ്ടിരിക്കുന്നത്.

<u>ശ്രീ. വി. സുരേന്ദ്രൻപിള്ള:</u> ധനകാര്യ ബില്ലുകളെ അനുകൂലിക്കുന്നു. ധനകാര്യ മാനേജ്മെന്റിൽ ഫിസ്ക്കൽ മാനേജ്മെന്റിന് പ്രാധാന്യം നൽകിക്കൊണ്ട് വരുമാന സ്രോതസ്സ് വർദ്ധിപ്പിക്കാനും സമഭാവനയോടുകൂടി എല്ലാ മേഖലകളിലും സന്തുലിതമായി തുക ചെലവഴിച്ചുകൊണ്ടുമുള്ള നയമാണ് സംസ്ഥാനത്ത് നിലവിലുള്ളത്. മൂലധന നിക്ഷേപം 6000 കോടി രൂപയായി വർദ്ധിപ്പിക്കാനുള്ള തീരുമാനം സ്വാഗതാർഹമാണ്. മൂലധന നിക്ഷേപത്തിലുണ്ടായ കുറവാണ് മുൻകാലങ്ങളിൽ സംസ്ഥാനം നേരിട്ട ഗുരുതരമായ പ്രതിസന്ധി. സി.ആന്റ് എ.ജി.യുടെ കണക്ക് പ്രകാരം സംസ്ഥാനത്ത് എല്ലാ മേഖലകളിൽനിന്നുമുള്ള വരുമാനം വർദ്ധിച്ചിരിക്കുന്നു.

അഴിമതിക്കെതിരായ ഒരു സംസ്ക്കാരം ഉണ്ടാക്കിയെടുക്കണം. സമസ്ത മേഖലകളിലും വികസന പദ്ധതികൾ നടപ്പിലാക്കണം. ഓരോ നിയോജകമണ്ഡലത്തിലേയും വിവിധ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി നാലര കോടി രൂപ വീതം ചെലവഴിക്കാനുള്ള അവസരമാണ് ലഭിച്ചിട്ടുള്ളത്. ജനങ്ങൾക്ക് ആവശ്യമുള്ള വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനും ജനങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനും തടസ്സം നിൽക്കാത്ത വിധത്തിൽ വികസന പ്രവർത്തനങ്ങൾ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സ്ഥിതിയാണുള്ളത്. പൊതുമരാമത്ത് കരാറുകാർക്ക് കുടിശ്ശികയിനത്തിൽ ഉണ്ടായിരുന്ന 998.39 കോടി രൂപ 405 കോടി രൂപയായും കെട്ടിട നിർമ്മാണക്കരാറുകാർക്ക് കുടിശ്ശികയിനത്തിലുണ്ടായിരുന്ന 412 കോടി രൂപ 55 കോടി രൂപയായും കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞു. സംസ്ഥാനത്തിന് ലഭിക്കേണ്ട വിവിധ ആനുകൂല്യങ്ങൾ കേന്ദ്ര ഗവൺമെന്റ് വെട്ടിക്കുറച്ചുകൊണ്ടിരിക്കുന്ന ദു:സ്ഥിതി നിലനിൽക്കുമ്പോഴാണ് സംസ്ഥാനത്ത് വളരെയധികം ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. നിർമ്മാണ സാമഗ്രികളുടെ വില വർദ്ധനവുമൂലം പ്രവർത്തനം തടസ്സപ്പെട്ടുകിടക്കുന്ന പാലങ്ങളും കെട്ടിടങ്ങളും ഉൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങൾ പുനരാരംഭിക്കാൻ കഴിയുന്ന വിധത്തിലുള്ള സംവിധാനങ്ങൾ അഴിമതിക്കിടകൊടുക്കാത്ത രൂപത്തിൽ ആവിഷ്ക്കരിച്ച് നടപ്പിലാക്കണം.

<u>ശ്രീ. എ. എ. അസീസ്</u> :ധനകാര്യ ബില്ലുകളെ അനുകൂലിക്കുന്നു. സംസ്ഥാനത്ത് അച്ചടക്കത്തോടുകൂടിയ ധനവിനിയോഗവും വികസന പ്രവർത്തനങ്ങൾ വിവേചനം കൂടാതെ നടപ്പിലാക്കാനുള്ള നടപടികളുമാണ്

ഗവൺമെന്റ് ആവിഷ്ക്കരിച്ചിരിക്കുന്നത്. പാവപ്പെട്ടവരേയും തൊഴിലാളികളേയും സഹായിക്കുന്ന സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. സൽഭരണം കാഴ്ചവച്ചുകൊണ്ടിരിക്കുന്ന ഈ ഗവൺമെന്റിനെതിരെ പ്രതിപക്ഷം നടത്തിക്കൊണ്ടിരിക്കുന്ന സമരങ്ങൾ രാഷ്ട്രീയ ലക്ഷ്യത്തോടുകൂടിയുള്ളതാണ്. ആണവ കരാറുമായി ബന്ധപ്പെട്ട വിഷയത്തിൽ യു.പി.എ. ഗവൺമെന്റ് സ്വീകരിച്ച നിലപാട് അംഗീകരിക്കാൻ കഴിയുന്നതല്ല.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു : ധനകാര്യ ബില്ലുകളെ അനുകൂലിക്കുന്നു. കഴിഞ്ഞ ഗവൺമെന്റ് വരുത്തിവച്ച കടുത്ത സാമ്പത്തിക പ്രതിസന്ധിയുടെ നടുവിലാണ് ഈ ഗവൺമെന്റ് അധികാരത്തിലെത്തിയത്. വരുമാനം വർദ്ധിപ്പിച്ചുകൊണ്ടും ചെലവുകൾ നിയന്ത്രിച്ചുകൊണ്ടുമുള്ള പ്രശംസനീയമായ നടപടികളാണ് ഈ ഗവൺമെന്റ് സ്വീകരിച്ചത്. വാണിജ്യ നികുതിയിലും എക്സൈസ്, രജിസ്ട്രേഷൻ, ലോട്ടറി തുടങ്ങിയ നികുതികളിലും വർദ്ധനവുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. വാറ്റ് അധിഷ്ഠിത നികുതിയിനത്തിൽ 74 ശതമാനം വളർച്ചാ നിരക്കുണ്ടായി. നികുതി പിരിവിന്റെ കാര്യത്തിൽ ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിച്ചു. ചെക്ക് പോസ്റ്റുകൾ അഴിമതിരഹിതമാക്കി. സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടുത്തുന്നതിൽ വലിയ സംഭാവനകൾ നൽകിക്കൊണ്ടിരിക്കുന്നു. സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് ക്ഷേമ പെൻഷനുകൾ നിറുത്തലാക്കുന്നതിനും ജീവനക്കാരുടെ ആനുകൂല്യങ്ങൾ കവർന്നെടുക്കുന്നതിനും പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കുന്നതിനുമുള്ള നടപടികളാണ് യു.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ചത്. ഈ ഗവൺമെന്റ് ക്ഷേമ പെൻഷൻ കുടിശ്ശികകൾ

കൊടുത്തുതീർക്കുന്നതിനായി 700 കോടി രൂപയാണ് ചെവലഴിച്ചത്. 31 മാസത്തെ പെൻഷൻ കുടിശ്ശിക കൊടുത്തുതീർത്തു. ക്ഷേമ പെൻഷൻ തുക 200 രൂപയായി വർദ്ധിപ്പിച്ചു. വിലക്കയറ്റം തടയാൻ 51 കോടി രൂപ മാർക്കറ്റ് ഇന്റർവെൻഷനുവേണ്ടി നീക്കിവച്ചു. കരാറുകാരുടെ കുടിശ്ശിക കൊടുത്തുതീർക്കുന്നതിന് 1600 കോടി രൂപ ചെലവഴിച്ചു. ജീവനക്കാരുടെ ക്ഷാമബത്താ കുടിശ്ശിക കൊടുത്തുതീർക്കുന്നതിന് 2948 കോടി രൂപ അനുവദിച്ചു. ആവശ്യമായ ധനസഹായം ലഭ്യമാക്കിക്കൊണ്ട് നാശോന്മുഖമായിക്കൊണ്ടിരുന്ന പരമ്പരാഗത വ്യവസായ മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കി. പഞ്ചായത്തുകളുടെ പദ്ധതി വിഹിതത്തിൽ വെട്ടിക്കുറവ് വരുത്തിയില്ല. നല്ല ധനകാര്യ മാനേജ്മെന്റ് കാഴ്ചവയ്ക്കാൻ സർക്കാരിന് കഴിഞ്ഞു. പ്രതിപക്ഷം സർക്കാരിനെതിരെ നടത്തിക്കൊണ്ടിരിക്കുന്ന സമരങ്ങൾ അവസാനിപ്പിക്കണം. ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ പിന്തുണയോടെ കേന്ദ്രം ഭരിച്ച യു.പി.എ. സർക്കാർ ആണവ കരാർ നടപ്പിലാക്കുന്നതിനുവേണ്ടി പാർലമെന്റിൽ വിശ്വാസവോട്ട് നേടാൻ പോവുകയാണ്. മുസ്ലീം ന്യൂനപക്ഷത്തിൽപ്പെട്ടവരെ തീവ്രവാദികളെന്ന് മുദ്രകുത്തി അമേരിക്കൻ സാമ്രാജ്യത്വശക്തികൾ അവരെ കൊന്നൊടുക്കുന്നു. ആണവ കരാറുമായി മുന്നോട്ടുപോയാൽ പിന്തുണ പിൻവലിക്കുമെന്ന ധീരമായ നടപടിയെടുക്കാൻ ഇടതുപക്ഷ പ്രസ്ഥാനത്തിന് സാധിച്ചു. രാജ്യത്തിന് ഒരു ദു:സ്ഥിതി വരുമ്പോൾ സ്വതന്ത്ര നിലപാടെടുക്കാൻ മുസ്ലീംലീഗ് ചങ്കൂറ്റം കാണിക്കണം.

<u>ശ്രീ. കെ.കെ. ഷാജു</u>: ധനകാര്യ ബില്ലുകളെ എതിർക്കുന്നു. ഈ സർക്കാരിന്റെ ധനകാര്യമാനേജ്മെന്റ് തികച്ചും പരാജയമാണ്. പരമാവധി

നികുതി പിരിക്കുന്നതിനും ചെലവ് ചുരുക്കുന്നതിനും ഈ ഗവൺമെന്റിന് സാധിച്ചിട്ടില്ല. സ്വർണ്ണത്തിന്റെ നികുതി വെട്ടിപ്പ് തടയുമെന്ന് പ്രഖ്യാപിച്ചെങ്കിലും നികുതിയിൽ നിന്നുള്ള വരുമാനം കുറയുകയാണുണ്ടായത്. ഖജനാവിന് കിട്ടേണ്ട പണം മറ്റ് വഴികളിലൂടെ തിരിച്ചുവിടാനുള്ള പരിശ്രമമാണ് നടക്കുന്നത്. സ്വർണ്ണത്തിന് നികുതി ഏർപ്പെടുത്തിയെങ്കിലും ഗവൺമെന്റിന്റെ ഉദ്ദേശ ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞില്ല. ചെലവ് ചുരുക്കുമെന്ന പ്രഖ്യാപനം വെറും വാക്കായി മാറിയിരിക്കുന്നു. അമേരിക്കൻ ആധിപത്യം യാഥാർത്ഥ്യമായിക്കൊണ്ടിരിക്കുകയാണ്. കേന്ദ്രത്തിൽ ആണവ കരാറിനെ എതിർക്കുന്നതിന് ബി.ജെ.പി.യെ കൂട്ടുപിടിച്ചവരാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി. ആണവ കരാറിനെയും അമേരിക്കൻ ആധിപത്യത്തെയും രണ്ടായി കാണാൻ സർക്കാർ ശ്രമിക്കണം.

<u>ശ്രീ. എസ്. രാജേന്ദ്രൻ</u>: ധനകാര്യ ബില്ലുകളെ അനുകൂലിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജനക്ഷേമകരമായ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്. ട്രഷറി നിയന്ത്രണം ഇല്ലാതാക്കി. 2007-08 സാമ്പത്തിക വർഷത്തിൽ നികുതി വരുമാനത്തിൽ 74 ശതമാനം വർദ്ധനവുണ്ടാക്കി. അടിസ്ഥാനവർഗ്ഗ തൊഴിലാളികൾക്ക് പെൻഷൻ കുടിശ്ശിക കൊടുത്തുതീർത്തു. അംഗൻവാടി ജീവനക്കാരുടെ ശമ്പളമുൾപ്പെടെയുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചു. ആറു മാസം ജോലിചെയ്ത വർക്കർ, ഹെൽപ്പർ എന്നിവരെ സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിച്ചത് അഭിനന്ദനാർഹമാണ്. തോട്ടം മേഖല പുനരുദ്ധരിക്കാൻ നടപടി സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ അടച്ചുപൂട്ടിയിരുന്ന 22 എസ്റ്റേറ്റുകളിൽ 14 എണ്ണം തുറക്കാൻ നടപടിയെടുത്തു. കരാറുകാർക്കുള്ള കുടിശ്ശിക കൊടുക്കാൻ നടപടി സ്വീകരിച്ചു. രണ്ടുവർഷം കൊണ്ട് കെ.എസ്.ആർ.ടി.സി.-ക്ക് 1000

പുതിയ ബസ്സുകൾ നിരത്തിലിറക്കാൻ സാധിച്ചു. ദേവസ്വം ബോർഡ് ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിലെ നിയമനം പി.എസ്.സി മുഖാന്തിരമാക്കണം. ക്ഷേമപെൻഷനുകളുടെ തുക വർദ്ധിപ്പിച്ചു. ആരോഗ്യമേഖലയിൽ ആവശ്യത്തിന് ഡോക്ടർമാരെ നിയമിക്കാനും എൻ.ആർ.എച്ച്.എം. പദ്ധതി കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകാനും സാധിച്ചു. സിവിൽ സപ്ളൈസ് വകുപ്പിലെ അഴിമതി കണ്ടെത്തി കേസ് സി.ബി.ഐ.ക്ക് കൈമാറാൻ ആർജ്ജവം കാണിച്ചു. കേന്ദ്രം കേരളത്തിന് അർഹതപ്പെട്ട അരിവിഹിതം നൽകുന്നില്ല. ബഹുരാഷ്ട്ര കുത്തകകളുടെ കടന്നുകയറ്റംമൂലം രാജ്യത്തെ ചെറുകിട വ്യാപാരികളുടെ നിലനിൽപ്പു തന്നെ അവതാളത്തിലായിരിക്കുകയാണ്. ആണവ കരാർ സംബന്ധിച്ച കേന്ദ്ര നിലപാട് ഇൻഡ്യയെ അമേരിക്കൻ സാമ്രാജ്യത്വത്തിന് അടിയറവ് വയ്ക്കുന്നതാണ്.

<u>ശ്രീ. അൽഫോൺസ് കണ്ണന്താനം:</u> ധനകാര്യ ബില്ലുകളെ അനുകൂലിക്കുന്നു. കേരളത്തെ ഇൻഡ്യയിലെ മികച്ച സാമ്പത്തിക അച്ചടക്കമുള്ള സംസ്ഥാനമാക്കി മാറ്റാൻ ധനകാര്യവകുപ്പിന്റെ രണ്ടുവർഷത്തെ പ്രവർത്തനങ്ങൾകൊണ്ടു സാധിച്ചു. നഷ്ടത്തിലായിരുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കി. അടച്ചുപൂട്ടൽ ഭീഷണിയിൽ നിന്ന് ട്രഷറികളെ മോചിപ്പിച്ചു. കേന്ദ്രത്തിന്റെ തെറ്റായ സാമ്പത്തിക നയമാണ് രാജ്യത്ത് വിലക്കയറ്റത്തിന് വഴിവച്ചത്. റിസർവ്വ് ബാങ്ക് സി.ആർ.ആർ.-ഉം റിപ്പോ റേഷ്യോയും വർദ്ധിപ്പിച്ചതുകാരണം പണം പലിശയ്ക്കെടുത്ത് വ്യവസായം ചെയ്യാൻ പറ്റാത്ത അവസ്ഥ സൃഷ്ടിച്ചു. വിപണന രംഗത്ത് സാധനങ്ങൾ ആവശ്യാനുസരണം ലഭ്യമാക്കിയാലേ വിലക്കയറ്റം പിടിച്ചുനിറുത്താൻ കഴിയൂ. വിലക്കയറ്റംമൂലം ഇൻഡ്യയിലെ നല്ലൊരു ശതമാനം ആളുകൾ ദാരിദ്ര്യത്തിലും പട്ടിണിയിലുമാണ്. വ്യവസായത്തിന് പറ്റിയ എൻവയോൺമെന്റ് ഇൻഡക്സിൽ

ലോകത്തെ 128 രാജ്യങ്ങളുടെ പട്ടികയിൽ 126-ാമത്തെ സ്ഥാനത്താണ് ഇൻഡ്യ. ഇൻഡ്യയെ സമ്പന്ന രാജ്യമാക്കാൻ ഇവിടെയുള്ള പാവപ്പെട്ടവർക്ക് തൊഴിൽ, വിദ്യാഭ്യാസം എന്നിവ ലഭ്യമാക്കണം. അതിന് രാജ്യത്തെ ധനനയവും ചിന്താഗതിയും മാറണം. എങ്കിൽ മാത്രമേ കേരളത്തിനും വളർച്ച ഉണ്ടാവുകയുള്ളൂ.

<u>ശ്രീമതി കെ.എസ്. സലീഖ:</u> ധനകാര്യ ബില്ലുകളെ അനുകൂലിക്കുന്നു. ആണവകരാറിന്റെ കാര്യത്തിൽ അമേരിക്കൻ സാമ്രാജ്യത്വത്തിന് കൂട്ടു നിൽക്കുന്ന നിലപാടാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചത്. ഈയൊരു സാഹചര്യത്തിൽ സംസ്ഥാന സർക്കാർ തങ്ങളുടെ പരിമിതിക്കുള്ളിൽ നിന്നു കൊണ്ട്, വ്യക്തമായ ലക്ഷ്യബോധത്തോടെയുള്ള വികസന പ്രവർത്തന ങ്ങളിലൂടെ മുന്നോട്ടു പോകുകയാണ്. ജനക്ഷേമകരമായ പദ്ധതികൾ നടപ്പാക്കി. വകുപ്പുകളെ ഏകോപിപ്പിച്ച് സാമ്പത്തിക മാനേജ്മെന്റ് മെച്ചപ്പെ ടുത്താൻ ധനകാര്യ വകുപ്പിന് കഴിഞ്ഞു. 2010-11 ആകുമ്പോൾ റവന്യൂ കമ്മി ഇല്ലാതാക്കി സാമ്പത്തിക മേഖലയിൽ കേരളത്തിന് പ്രത്യേക സ്ഥാനമുറപ്പി ക്കാനാകുമെന്ന പ്രത്യാശയാണുള്ളത്. നികുതി വരുമാനം വർദ്ധിപ്പിച്ചു. സാമൂഹ്യക്ഷേമ പെൻഷനുകൾ കുടിശ്ശിക തീർത്ത് കൊടുക്കാൻ നിർദ്ദേശം നൽകി. സച്ചാർ കമ്മിറ്റി റിപ്പോർട്ടിന്മേൽ പ്രതിബദ്ധതയോടെയുള്ള സമീപനം സ്വീകരിച്ചത് അഭിനന്ദനാർഹമാണ്. ജീവനക്കാർക്കുള്ള ക്ഷാമബത്ത കുടിശ്ശിക തീർത്ത് നൽകി. ട്രഷറികൾ കമ്പ്യൂട്ടർവൽക്കരിച്ച് പ്രവർത്തനം മെച്ചപ്പെടുത്തി. ട്രഷറികളുടെ പ്രവർത്തനം സുതാര്യമാക്കാൻ സോഷ്യൽ ആഡിറ്റ് ഏർപ്പെടുത്താൻ തീരുമാനിച്ചു. ടെല്ലർ സിസ്റ്റം നടപ്പിലാക്കി ട്രഷറി യിലെത്തുന്ന പെൻഷൻകാരുടെ ബുദ്ധിമുട്ട് ഒഴിവാക്കി. രാജീവ്ഗാന്ധി അക്കാഡമിയുടെ വികസന പ്രവർത്തനങ്ങൾക്ക് തുക അനുവദിച്ചു. കൃഷി

ക്കാർക്കായി 'കിസാൻശ്രീ ഇൻഷ്വറൻസ് പദ്ധതി' നടപ്പിലാക്കി. തദ്ദേശഭരണ സ്ഥാപനങ്ങളുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തത്തോടുകൂടി സാന്ത്വന ചികിൽസയ്ക്കും അതിലൂടെ സമഗ്ര പാലിയേറ്റീവ് നയത്തിനും രൂപം നൽകി. ജനമൈത്രി പോലീസ് സംവിധാനം നടപ്പിലാക്കി. നബാർഡിന്റെ സഹായത്തോടെ ചെറുതും വലുതുമായ പല പദ്ധതികളും നടപ്പാക്കി. അംഗൻവാടി ജീവനക്കാർക്കുള്ള ഓണറേറിയം വർദ്ധിപ്പിക്കുകയും അവർക്ക് പെൻഷൻ പദ്ധതി ആവിഷ്ക്കരിക്കുകയും ചെയ്തു. ആരോഗ്യമേഖലയിൽ എൻ.ആർ.എച്ച്.എം.-ന്റെ പ്രവർത്തനം കാര്യക്ഷമമായി മുന്നോട്ടു പോവുന്നു. സഹകരണ പ്രസ്ഥാനങ്ങളുടെ പ്രവർത്തനത്തിൽ ദിശാബോധത്തോടെയുള്ള സമീപനം സ്വീകരിച്ചു. പാഠപുസ്തക വിവാദം അടിസ്ഥാന രഹിതമാണ്. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ടുള്ള സംയോജിത ചെക്ക് പോസ്റ്റുകൾ ഈ വർഷം തന്നെ നടപ്പാക്കണം.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: ധനകാര്യ ബില്ലുകളെ അനുകൂലിക്കുന്നു. കേന്ദ്ര സാമ്പത്തിക നയംമൂലമുണ്ടായ സാമ്പത്തിക തകർച്ചയിൽ നിന്നും സംസ്ഥാനത്തെ രക്ഷിക്കാനുള്ള നടപടികൾ ധനകാര്യ വകുപ്പ് സ്വീകരിക്കുകയുണ്ടായി. ചെലവ് കുറച്ചും വരുമാനം വർദ്ധിപ്പിച്ചും സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടുത്തി. സാമ്പത്തിക അച്ചടക്ക നടപടികളിലൂടെ 2010-11 -ഓടെ റവന്യൂ കമ്മി ഇല്ലാതാക്കാനുള്ള കർമ്മ പദ്ധതികളാണ് ആവിഷ്ക്കരിച്ചുകൊണ്ടിരിക്കുന്നത്. ട്രഷറി നിയന്ത്രണം ഇല്ലാതാക്കി. കഴിഞ്ഞ വർഷത്തെ പദ്ധതിച്ചെലവുകൾ മാറ്റിയെടുക്കാൻ കഴിഞ്ഞു. ട്രഷറിയിൽനിന്നുള്ള സേവനത്തിന് സമയപരിധിയും കാര്യക്ഷമതയും ഉറപ്പ് നൽകുന്നതാണ് പൗരാവകാശരേഖ.. ട്രഷറികളിൽ സോഷ്യൽ ആഡിറ്റിംഗ് സംഘടിപ്പിക്കാൻ

തീരുമാനിച്ചത് ഒരു പുതിയ കാര്യമാണ്. വാളയാർ ചെക്ക്പോസ്റ്റിൽ നടത്തിയ അഴിമതിരഹിത സംവിധാനങ്ങൾ സാമ്പത്തിക മേഖലയിൽ നേട്ടമുണ്ടാക്കാൻ കഴിഞ്ഞു. വാണിജ്യകേന്ദ്രമായ എറണാകുളം ജില്ലയിലും അഴിമതിരഹിത പ്രവർത്തനങ്ങൾ നടത്തിയാൽ ഖജനാവിലെ വരുമാനം വർദ്ധിക്കും. ക്ഷേമപെൻഷനുകളുടെ കുടിശ്ശിക കൊടുത്തുതീർക്കുകയും അതോടൊപ്പം പെൻഷൻ തുക വർദ്ധിപ്പിക്കുകയും ചെയ്തു. കോൺട്രാക്ടർമാരുടെ കുടിശ്ശിക കൊടുത്തുതീർത്തു. പരമ്പരാഗത വ്യവസായ മേഖലയ്ക്ക് ഉയർന്ന പരിഗണന നൽകി. പൊതുമേഖലയെ ലാഭത്തിലാക്കാൻ സാധിച്ചു. ദേശീയ സമ്പാദ്യ പദ്ധതിയുടെ പലിശനിരക്ക് കുറച്ചതും മാസവരുമാനത്തിലെ ബോണസ് നിറുത്തലാക്കിയതും നിക്ഷേപ സമാഹരണത്തെ പ്രതികൂലമായി ബാധിച്ചു. ദേശീയ സമ്പാദ്യ പദ്ധതിയിലെ ഏജന്റുമാരുടെ മൂന്ന് മാസത്തെ കുടിശ്ശിക കൊടുക്കാൻ തീരുമാനിച്ചത് സ്വാഗതാർഹമാണ്. 2021 കോടി രൂപയുടെ മിച്ചനിക്ഷേപം സമാഹരിക്കാൻ ലക്ഷ്യമിട്ടെങ്കിലും കേന്ദ്രം അത് ദുർബ്ബലമാക്കി. സാമ്പത്തിക മേഖലയിലെ അച്ചടക്കനടപടികളുടെ ഫലമായിട്ടാണ് മാർച്ച് 31 വരെ 9666 കോടി രൂപ വിൽപ്പന നികുതിയിനത്തിൽ പിരിച്ചെടുത്തത്. നടപ്പുസാമ്പത്തികവർഷം മൂലധനച്ചെലവ് മൂവായിരം കോടി രൂപയാക്കുന്നതിനുള്ള ഭരണ പരിഷ്ക്കാര നടപടികളുമായി ഈ ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. മൂന്ന് വർഷത്തിനുള്ളിൽ പൊതുമൂലധന നിക്ഷേപം അയ്യായിരം കോടി രൂപയിലധികമാക്കുമെന്ന ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രഖ്യാപനം പ്രതീക്ഷാനിർഭരമാണ്. എം.എൽ.എ.-മാരുടെയും ഉയർന്ന ഉദ്യോഗസ്ഥരുടെയും യോഗം വിളിച്ചുചേർത്ത് പദ്ധതികളെക്കുറിച്ച് ചർച്ച

ചെയ്തത് നല്ല കാര്യമാണ്. എം.എൽ.എ.-മാർക്ക് അനുവദിക്കുന്ന രണ്ട് കോടി രൂപയുടെ വർക്കുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാനുള്ള കർമ്മപദ്ധതികളും എല്ലാ വകുപ്പുകളെയും ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളുമാണ് ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്.

ശ്രീ. എ. എം. ആരിഫ് : ധനകാര്യ ബില്ലുകളെ അനുകൂലിക്കുന്നു. വരുമാനവും സാമ്പത്തിക വിഭവസമാഹരണവും ഇല്ലാതെ മുന്നോട്ടുപോകാൻ കഴിയില്ല. കേന്ദ്ര നികുതിവരുമാനത്തിന്റെ അമ്പത് ശതമാനമെങ്കിലും ലഭ്യമാക്കാൻ കഴിയത്തക്ക രീതിയിൽ നികുതി വിതരണം നടക്കണം. ഇക്കാര്യത്തിൽ ഒരു സമതുലിത സമീപനം സ്വീകരിക്കണം. എണ്ണക്കമ്പനികളുടെ ലാഭത്തിന് നികുതി ഏർപ്പെടുത്തണം. സംസ്ഥാനത്ത് നികുതി വരുമാനത്തിൽ 15.47 ശതമാനം വർദ്ധനവുണ്ടായിട്ടുണ്ട്. സാമ്പത്തിക അച്ചടക്കത്തിന്റെ ഫലമായി ധനക്കമ്മിയും റവന്യൂക്കമ്മിയും കുറച്ചുകൊണ്ടുവരാൻ സാധിച്ചു. അധിക വിഭവ സമാഹരണത്തിന് ആംനസ്റ്റി സ്കീം കൊണ്ടുവരുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. കേസ്സുകളിൽ തീർപ്പ് കൽപ്പിക്കാൻ അദാലത്തുകൾ നടത്തണം. മദ്യത്തിനുള്ള നികുതി ഏകീകരിക്കണം. തികഞ്ഞ ആത്മാർത്ഥതയോടെയും സത്യസന്ധതയോടെയും ജനങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കിയാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്.

ശ്രീ. പി. തിലോത്തമൻ: ധനകാര്യ ബില്ലുകളെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ ആഭ്യന്തര ഉൽപാദനവും റവന്യൂ വരുമാനവും വർദ്ധിപ്പിക്കുന്നതിനും റവന്യൂ ചെലവുകൾ കുറയ്ക്കുന്നതിനും കൂടുതൽ

ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്ത് പ്രവർത്തിച്ച ഗവൺമെന്റാണിത്. പരമ്പരാഗത വ്യവസായ മേഖലകളെ പുനഃസംഘടിപ്പിക്കുന്നതിന് സാമ്പത്തിക സഹായം നൽകി. ക്ഷേമ പദ്ധതികൾ കാര്യക്ഷമമാക്കി. സാമൂഹ്യക്ഷേമ പെൻഷൻ തുക വർദ്ധിപ്പിച്ചു. സേവന മേഖലയിൽ കൂടുതൽ ചുമതലകൾ ഏറ്റെടുത്തു. തകർച്ചയിലായിരുന്ന വ്യവസായ സംരംഭങ്ങളെ ലാഭകരമാക്കാൻ ആർജ്ജവം കാണിച്ചു. വിൽപന നികുതി പരമാവധി പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചു. നികുതി കുടിശ്ശികകൾ പിരിക്കുന്നതിന് പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ചു. ആരോഗ്യ, വിദ്യാഭ്യാസ രംഗത്ത് കൂടുതൽ മുതൽമുടക്കാൻ സാധിച്ചു. കേന്ദ്രത്തിൽ നിന്നും ഗ്രാന്റായി ലഭിക്കുന്ന നികുതി-നികുതിയേതര വരുമാനം തുച്ഛമാണ്. കേന്ദ്രത്തിൽ നിന്നും വായ്പ ലഭിക്കുന്നതിന് നിയന്ത്ര ണങ്ങളുണ്ട്. സുഗന്ധ ദ്രവ്യങ്ങൾ, സമുദ്രോൽപന്നങ്ങൾ, കയറുൽപന്നങ്ങൾ, കശുവണ്ടി എന്നിവയുടെ കയറ്റുമതിയിലൂടെ ഗണ്യമായ വിദേശ നാണ്യം നേടിത്തരുന്ന സംസ്ഥാനത്തിന് അർഹതപ്പെട്ട ആനുകൂല്യങ്ങൾ പോലും കേന്ദ്ര ഗവൺമെന്റിൽ നിന്ന് ലഭിക്കുന്നില്ല. പദ്ധതി വിഹിതം കൃത്യമായി നൽകുന്നില്ല. ആഗോളവൽക്കരണത്തിനും ഉദാരവൽക്കരണത്തിനുമെതിരെ ഒരു ബദൽ നയം രൂപപ്പെടുത്തികൊണ്ട് ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിന് പരമാവധി ശ്രമിച്ച ഗവൺമെന്റാണിത്. സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ഉപഭോഗ സംസ്ക്കാരത്തിനനുസരിച്ച് വിൽപ്പന നികുതിയിൽ വർദ്ധനവുണ്ടോയെന്നും സ്വർണ്ണ വിൽപന വഴി കിട്ടേണ്ട നികുതി ലഭിക്കു ന്നുണ്ടോയെന്നും പരിശോധിക്കണം. ആണവക്കരാറിലൂടെ രാജ്യത്തിന്റെ താൽപര്യങ്ങൾ സാമ്രാജ്യത്വ ശക്തികൾക്ക് മുന്നിൽ അടിയറ വയ്ക്കാനാണ് കോൺഗ്രസ് ശ്രമിക്കുന്നത്.

<u>ശ്രീ. പി. ജയരാജൻ:</u> ധനകാര്യ ബില്ലുകളെ അനുകൂലിക്കുന്നു. കേരളത്തിൽ ധനകാര്യ വകുപ്പിന് ഒരു നാഥനുണ്ടായിരിക്കുകയാണ്. ഒരു ശതമാനം സോഷ്യൽ സെക്യൂരിറ്റി സെസ്സ് ഏർപ്പെടുത്തണമെന്നുള്ള നിർദ്ദേശം ബില്ലിൽ കൊണ്ടുവന്നിട്ടുണ്ട്.. സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് നികുതി സംരക്ഷണം ഏർപ്പെടുത്തണമെന്നുള്ള നിർദ്ദേശവും ബില്ലിനകത്തുണ്ട്. വൻകിട വ്യാപാര ശൃംഖലകൾക്ക് 10 ശതമാനം സർചാർജ് ചുമത്തി. ചില്ലറ വ്യാപാര രംഗത്ത് ഉണ്ടായിട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടിയാണ് സർച്ചാർജ് കൊണ്ടുവന്നത്. പൊതു താൽപ്പര്യത്തിനുവേണ്ടി നികുതിനിരക്ക് മുൻകാല പ്രാബല്യത്തോടെ ഭേദഗതി ചെയ്യാൻ സാധിച്ചു. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ സാധിച്ചു. സമ്പന്നർ ഉപയോഗിക്കുന്ന ആശുപത്രി മുറികൾക്ക് 10 ശതമാനം ആഡംബര നികുതി ഏർപ്പെടുത്തി. വാറ്റ് നിയമപ്രകാരം റീ-ഫണ്ടിന് അർഹതയുള്ള വ്യാപാരികൾക്ക് ആശ്വാസം നൽകുന്നതിനായി അപേക്ഷയുടെ കാലതാമസം മാപ്പാക്കാൻ അവസരം നൽകി. വർക്ക്സ് കോൺട്രാക്ടിന്റെ നികുതിനിരക്ക് യുക്തിസഹമാക്കി. ഇൻവെസ്റ്റേഴ്സിനെ പ്രതികൂലമായി ബാധിക്കാത്ത ക്രെഡിറ്റ് നോട്ടുകൾ അനുവദിക്കുമെന്ന പ്രഖ്യാപനവും നികുതി നിരക്കുകൾ യുക്തിസഹമാക്കുവാനുള്ള നിർദ്ദേശങ്ങളും സ്വാഗതാർഹമാണ്. പ്ലാസ്റ്റിക്ക് നിരുൽസാഹപ്പെടുത്തുന്നതിനുവേണ്ടി പ്ലാസ്റ്റിക് ബാഗിന്റെ മേലുള്ള നികുതിനിരക്ക് വർദ്ധിപ്പിച്ചു. ചിട്ടയായും ശാസ്ത്രീയമായുമുള്ള നടപടിക്രമങ്ങളിലൂടെ നികുതി വരുമാനത്തിൽ വർദ്ധനയുണ്ടായി. അഴിമതിക്കെതിരെ സന്ധിയില്ലാതെ പോരാട്ടം നടത്തുന്ന ധനകാര്യ

വകുപ്പുമന്ത്രിയാണ് സംസ്ഥാനത്തുള്ളത്. അഴിമതിക്ക് അരങ്ങൊരുങ്ങുന്ന സാഹചര്യങ്ങൾക്കെതിരെയാണ് വാളയാറിൽ യുദ്ധപ്രഖ്യാപനം നടത്തിയത്. ബംഗ്റാ-മഞ്ചേശ്വരം ചെക്ക്പോസ്റ്റ് നവീകരിക്കുന്നതിനും നികുതിവെട്ടിപ്പ് തടയുന്നതിനും ആസൂത്രിതമായ നടപടി ആരംഭിച്ചു. അതിർത്തി കടന്നെത്തുന്ന ചരക്കുകളുടെ കണക്ക് ശേഖരിക്കുന്നതിനുള്ള കേന്ദ്രങ്ങളാക്കി ചെക്ക്പോസ്റ്റുകളെ മാറ്റാൻ സാധിച്ചു. സ്വർണ്ണക്കടകളിൽ റെയ്ഡ് നടത്തിയത് സർക്കാരിന്റെ നികുതിവെട്ടിപ്പിനെതിരായുള്ള നിശ്ചയദാർഢ്യത്തോടെയുള്ള പ്രവർത്തനത്തിന് തെളിവാണ്. വാറ്റ് നികുതി കഴിഞ്ഞ രണ്ടുവർഷക്കാലംകൊണ്ട് 74 ശതമാനം വളർച്ച കൈവരിച്ചു. കേരളത്തിന്റെ നികുതി വരുമാനം സാദ്ധ്യതകൾക്കനുസരിച്ച് വളരുന്നില്ല എന്ന് മനസ്സിലാക്കിക്കൊണ്ട് അതിനെ സംബന്ധിച്ച് പഠനം നടത്തൻ തീരുമാനിച്ചു. നികുതി വരുമാനത്തിൽ രണ്ടുവർഷംകൊണ്ട് 20 ശതമാനം വർദ്ധനയുണ്ടാക്കാൻ സാധിച്ചു.

<u>ശ്രീ. എം. മുരളി</u>: ധനകാര്യ ബില്ലുകളെ എതിർക്കുന്നു. ഈ ബിൽ ഭേദഗതികളോടെ പാസ്സാകുമ്പോൾ ഒരു സാമ്പത്തികവർഷംതന്നെ രണ്ടു രീതിയിലുള്ള ടാക്സ് കളക്ഷൻ നടത്തുന്നു എന്ന പൊരുത്തക്കേടുണ്ടാകും. അതിന് മാറ്റമുണ്ടാകണം 1957-ലെ സർച്ചാർജ് ആക്ടിൽ ഭേദഗതി വരുത്തി സംസ്ഥാനത്തെ കോർപ്പറേറ്റ് ഹൗസുകളേയും കുത്തകകളേയും നിയന്ത്രിക്കുന്നതിന് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെൻറ് കൊണ്ടുവന്ന 10% സർച്ചാർജ്ജ് സപ്ലൈകോ, കൺസ്യൂമർഫെഡ്, ടെക്സ്റ്റൈൽ കോർപ്പറേഷൻ എന്നിവയെ പ്രതികൂലമായി ബാധിക്കുന്നതാണ്. ഇത് വിലക്കയറ്റത്തിനിടയാക്കുകയും സാധാരണക്കാരെ ബുദ്ധിമുട്ടിലാക്കുകയും ചെയ്തിട്ടുണ്ട്. നിയമങ്ങളിൽ ഭേദഗതി വരുത്തി ടാക്സ് കളക്ഷൻ വർദ്ധിപ്പിക്കാമെന്ന കാഴ്ചപ്പാട്

ഫലവത്തായില്ല. നാലുശതമാനം വാറ്റിനോടൊപ്പം ഒരുശതമാനം സെസ്കൂടി വരുന്നത് വാറ്റ് നിയമത്തിനെതിരാണ്. വിലക്കയറ്റത്തിന് കാരണമാകുന്ന സെസ്സ് എൽ.പി.ജി., ഇരുമ്പ്, ഉരുക്ക്, എണ്ണ തുടങ്ങിയ അന്തർ സംസ്ഥാന പ്രാധാന്യമുള്ള സാധനങ്ങൾക്ക് ബാധകമാക്കുന്നില്ലെന്നുള്ളത് വിചിത്രമാണ്. കെ.ജി.എസ്.ടി. ആക്ടിലെ 17-ാം വകുപ്പ് അനുസരിച്ച് 31-3-2009 വരെ നികുതി നിർണ്ണയം നടത്തിയിട്ടില്ലാത്ത പെൻഡിംഗ് അസ്സസ്മെന്റ് ഫയലുകളും റീ-അസ്സസ്മെന്റ് ഫയലുകളും തീർപ്പാക്കാൻ കാലാവധി കൊടുത്തിട്ടുണ്ടെങ്കിലും അതിനുള്ള സംവിധാനം നൽകിയിട്ടില്ല.അസ്സസ്മെന്റ് ഓഫീസർക്കുള്ള അധികാരം എടുത്തുകളയുന്ന കെ.ജി.എസ്.ടി. ആക്ടിലെ 17 (ഡി) വകുപ്പ് പുന:പരിശോധിക്കണം. കെ.ജി.എസ്.ടി. ആക്ടിലെ പുതിയ വകുപ്പായ 23 (ബി) വകുപ്പ് പുന:പരിശോധിക്കാനും ജപ്തി നടപടി കൾക്ക് വിധേയരായവർക്കുകൂടി ആംനസ്റ്റി ആനുകൂല്യം നൽകുന്നതിനു മുള്ള നടപടിയുണ്ടാകണം. 34-ാം വകുപ്പിലെ 45 (എ) ഉപവകുപ്പ് പ്രകാരം പെനാൽറ്റി ഓർഡറുകൾക്കെതിരെ റിവിഷൻ കൊടുക്കാനുള്ള അവസരം നിഷേധിച്ചുകൊണ്ട് അപ്പീലിന്റെ ഫയലുകൾ തടഞ്ഞുവച്ചിരിക്കുന്നത് പരിശോധിക്കണം. 1976-ലെ ലക്ഷ്വറി ടാക്സ് ആക്ട് അനുസരിച്ച് ആശുപത്രി കളിൽനിന്ന് 10% ടാക്സ് ഈടാക്കാനും പുതിയ നികുതി വരുമാനവും സ്രോതസ്സും കണ്ടെത്താനും ശ്രമിക്കുന്നത് നല്ലതാണ്. എന്നാൽ സെയിൽസ് ടാക്സ് ഉദ്യോഗസ്ഥർ ഗവൺമെന്റ് ആശുപത്രികൾ ഇല്ലാത്ത സ്ഥലത്തെ സ്വകാര്യ ആശുപത്രികളെ രജിസ്ട്രേഷന് നിർബന്ധിക്കുന്നത് വ്യാപകമായ അഴിമതിക്ക് ഇടയാക്കുകയും സാധാരണ ജനങ്ങളെ അത് പ്രതികൂലമായി ബാധിക്കുകയും ചെയ്യും. തിരുവനന്തപുരത്തെ അപ്പലേറ്റ് ട്രൈബ്യൂണൽ എറണാകുളത്തേയ്ക്ക് മാറ്റാനുള്ള നടപടിയും കോട്ടയം, പാലക്കാട്,

എറണാകുളം എന്നിവിടങ്ങളിലെ ട്രൈബ്യൂണൽ ബഞ്ചുകൾ നിറുത്തലാക്കാനുള്ള നീക്കവും ഉപേക്ഷിക്കണം. സ്ഥാപനങ്ങൾക്ക് ഓപ്ഷൻ കൊടുക്കാൻ കഴിയാതെപോവുകയും അസ്സസ്മെന്റ് നടക്കുകയും ചെയ്യുന്ന അവസരത്തിൽ അവർ കൊടുത്തിട്ടുള്ള അപ്പീൽ പിൻവലിച്ചാൽ കോമ്പൗണ്ട് ചെയ്യാനുള്ള അവസരം കൊടുക്കണം. ഓരോ വർഷവും ടാക്സ് ഫിക്സ് ചെയ്ത് അനായാസം പിരിച്ചെടുക്കാൻ കഴിയുമെങ്കിൽ കോമ്പൗണ്ടിംഗിനു പകരം അഡ്വാൻസ് ടാക്സ് കൊണ്ടുവരുന്ന കാര്യം ശ്രദ്ധിക്കണം. റിട്ടേൺസ് സമർപ്പിച്ചുകഴിഞ്ഞാൽ അതിൽ ഡിഫറൻസുണ്ടെങ്കിൽ മൂന്നിരട്ടി പിഴ നൽകുന്ന വാറ്റ് നിയമത്തിലെ 22-ാം വകുപ്പിലെ വ്യവസ്ഥ ചെറുകിട കർഷകരെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ അത് പുനഃപരിശോധിക്കണം. റിട്ടേൺസ് സമർപ്പിക്കുന്നതിൽ അപാകതയുണ്ടെങ്കിൽ റിവൈസ്ഡ് റിട്ടേൺസ് നൽകാനുള്ള അവസരം നിഷേധിക്കുന്ന വാറ്റ് നിയമത്തിലെ 79 (ബി) വകുപ്പ് പുനഃപരിശോധിക്കണം. കഴിഞ്ഞ മൂന്നുമാസംകൊണ്ട് ലോട്ടറിയിനത്തിൽ എത്രരൂപ കളക്ടുചെയ്യാൻ കഴിഞ്ഞുവെന്നുള്ളത് വ്യക്തമാക്കണം. ഏവിയേഷൻ ഫ്യുവലിന് 25% ടാക്സുണ്ടായിരുന്നത് 4% ആക്കിയത് വൻകിട കമ്പനികൾക്കുമാത്രമേ പ്രയോജനം ചെയ്തിട്ടുള്ളൂവെന്ന ആക്ഷേപം മുഖവിലയ്ക്കെടുക്കണം. കേരളത്തിൽനിന്ന് സോഫ്റ്റ് വുഡ് അന്യസംസ്ഥാനങ്ങളിലേയ്ക്ക് കടത്തുന്നത് തടയാൻ ടാക്സ് ഏർപ്പെടുത്തണം. എം.എൽ.എ./എം.പി. ഫണ്ടിൽ നിന്നുള്ള വർക്കുകൾക്ക് വാറ്റ് ഈടാക്കുന്നത് ഒഴിവാക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): ഏപ്രിൽ ഒന്ന് മുതൽ ധനകാര്യ ബിൽ പാസ്സാക്കുന്നതുവരെ ഈടാക്കുന്ന നികുതിയും സബ്ജക്ട് കമ്മിറ്റിയും നിയമസഭയും വരുത്തുന്ന ഭേദഗതിമൂലം പിന്നീട്

വരുന്ന നികുതിയും തമ്മിലുള്ള അന്തരം ഇല്ലാതാക്കുന്നതിന് മാർച്ച് 31-നു മുമ്പ് പൂർണ്ണ ബഡ്ജറ്റ് പാസ്സാക്കുകയാണ് വേണ്ടത്. ആശുപത്രികൾക്ക് ഇൻഷ്വറൻസ് പ്രീമിയമായി സംസ്ഥാന സർക്കാർ 100 കോടി രൂപ കൊടുക്കുന്നുണ്ട്. സ്വകാര്യ ആശുപത്രിയെ ആശ്രയിച്ചാണ് ഈ ഇൻഷ്വറൻസ് നടത്തുന്നതെങ്കിൽ വർഷംതോറും 100 കോടി രൂപ സംസ്ഥാന സർക്കാർ സ്വകാര്യ ആശുപത്രികൾക്ക് സബ്സിഡി നൽകുന്നതിന് തുല്യമാകും. സംസ്ഥാനത്തെ പൊതു ആരോഗ്യ സംവിധാനം മെച്ചപ്പെടുത്തുന്നതിനാണ് ഈ സ്കീം ഉപയോഗിക്കുന്നത്. അതുകൊണ്ട് ഇത് കൺസോളിഡേറ്റഡ് ഫണ്ടിൽ വന്ന് അതാത് ആശുപത്രികളിൽ എച്ച്.ഡി.എസ്.-കൾ ഉപയോഗിക്കട്ടെ എന്നുള്ള നയപരപമായ തീരുമാനമാണ് ഗവൺമെന്റ് എടുത്തിട്ടുള്ളത്. ഇൻഷ്വറൻസ് പ്രീമിയം നിലവിലുള്ള ബഡ്ജറ്റ് അലോക്കേഷന് പുറമെയുള്ളതാണ്. ഇൻഷ്വറൻസ് സ്കീമിനെ ബന്ധപ്പെടുത്തി ഓരോ സേവനത്തിനും വില നിശ്ചയിക്കുകയാണ് ചെയ്യുന്നത്. പൊതു ആരോഗ്യ സംവിധാനത്തിന് ഊന്നൽ നൽകിക്കൊണ്ട് വിഭാവന ചെയ്യുന്ന ലക്ഷ്യങ്ങൾ നേടിയെടുക്കാനാണ് സംസ്ഥാന ഗവൺമെന്റ് ശ്രമിക്കുന്നത്. അഡീഷണൽ ആതറൈസേഷനും ന്യൂ സർവ്വീസ് പ്രൊസീഡ്യുവർ അനുസരിച്ചുള്ള തുകയുമാണ് ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തുന്നത്. മെഡിക്കൽ ഇൻഷ്വറൻസ് സ്കീമിന്റെ ബിഡ് ഡോക്യുമെന്റ് തയ്യാറാക്കിയത് കേന്ദ്ര തൊഴിൽ വകുപ്പാണ്. ഇതൊരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. ഈ പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ കേന്ദ്ര ഗവൺമെന്റാണ് നിശ്ചയിച്ചിട്ടുള്ളത്. നിലവിലുള്ള മാനദണ്ഡമനുസരിച്ച് പൊതുമേഖലയിലേയും സ്വകാര്യ മേഖലയിലേയും ഇൻഷ്വറൻസ് കമ്പനികൾക്ക് ഓഫർ നൽകാവുന്നതാണ്. ധനകാര്യ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ള കുടിശ്ശിക നികുതി പിരിക്കുന്നതിനുള്ള വ്യവസ്ഥകൾക്ക്

പ്രസിഡന്റിന്റെ മുൻകൂർ അനുവാദം ആവശ്യമില്ലെന്നാണ് നിയമവകുപ്പ് അഭിപ്രായപ്പെട്ടിട്ടുള്ളത്. ഹോസ്പിറ്റലിന് രജിസ്ട്രേഷൻ ഫീസ് ഈടാക്കണ മെന്ന കാര്യം ബഡ്ജറ്റിൽ പറയാതെ അതിനുള്ള വ്യവസ്ഥ ഈ ബില്ലിൽ കൊണ്ടു വന്നതിനെക്കുറിച്ച് ഇവിടെ പരാമർശിക്കുകയുണ്ടായി. രജി സ്ട്രേഷൻ ഫീസെന്ന് പറയുന്നത് പുതിയ നികുതിയല്ല. നികുതി പിരിക്കണ മെങ്കിൽ ഹോസ്പിറ്റലുകളുടെ രജിസ്ട്രേഷൻ ആവശ്യമാണ്. ഏവിയേഷൻ ഫ്യൂവൽ ടാക്സ് 25 ശതമാനമായി നിലനിറുത്തുന്ന കാര്യം സബ്ജക്ട് കമ്മിറ്റിയിൽ പരിഗണിക്കുന്നതാണ്. കേന്ദ്ര ഗവൺമെന്റ് കോമ്പൻസേഷൻ നൽകിയാൽ മാത്രമേ അത് കുറയ്ക്കുന്ന കാര്യം ഇനി പരിഗണിക്കുകയുള്ളൂ. ആംനസ്റ്റി സ്കീം സംബന്ധിച്ച് ഇവിടെ ഉന്നയിച്ച നിർദ്ദേശങ്ങൾ പരിഗണി ക്കുന്നതാണ്. ഖാദി ബോർഡിന്റെ 2005-06-ലെ കുടിശ്ശിക ഒഴിവാക്കുന്നതിന് നോട്ടിഫിക്കേഷൻ മതി എന്നുള്ളതുകൊണ്ടാണ് അത് ബില്ലിൽ ഉൾപ്പെടുത്താ ത്തത്. റബ്ബറിന് ഏർപ്പെടുത്തിയിട്ടുള്ള ടാക്സിന്റെ റീഫണ്ടിനെ സംബന്ധിച്ച പ്രശ്നത്തിൽ വ്യാപാരികളുടെ താൽപര്യംകൂടി പരിഗണിച്ചുകൊണ്ട് ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതാണ്. റീചാർജ് കൂപ്പൺ ടാക്സ് എക്സം പ്ഷൻ മുൻകാല പ്രാബല്യത്തിൽ നൽകിയത് സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിലാണ്. ലോട്ടറിയുടെ നികുതിനിരക്ക് 5 ലക്ഷം രൂപ യിൽനിന്നും 7 ലക്ഷം രൂപയായും ബമ്പർ ലോട്ടറിയുടെ നികുതിനിരക്ക് 15 ലക്ഷം രൂപയിൽ നിന്നും 17 ലക്ഷം രൂപയായും ഉയർത്തുന്നതാണ്. കെ.ജി.എസ്.ടി.-യുടെ കാലഘട്ടം അവസാനിച്ച സാഹചര്യത്തിലാണ് തിരുവ നന്തപുരത്ത് പ്രവർത്തിച്ചിരുന്ന കെ. ജി. എസ്. ടി. ട്രിബ്യൂണൽ വാറ്റ് ട്രിബ്യൂ

ണൽ സ്ഥിതി ചെയ്യുന്ന എറണാകുളത്തേയ്ക്ക് മാറ്റിയത്. എം.എൽ.എ, എം. പി. ഫണ്ടിൽനിന്നുള്ള മൂലധന നിക്ഷേപത്തിന് വാറ്റ് ഒഴിവാക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. സോഫ്റ്റ് വുഡ് കടത്തിക്കൊണ്ട് പോകുന്നത് നിരോധിക്കാൻ കർശന നടപടി സ്വീകരിക്കുന്നതാണ്. 2008-ലെ കേരള ധനകാര്യ ബില്ലും 2008-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബില്ലും സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

2008-ലെ കേരള ധനകാര്യ ബില്ലും 2008-ലെ കേരള ധനകാര്യ (രണ്ടാം നമ്പർ) ബില്ലും സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിക്കുകയും ബില്ലുകൾ സ്ബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

(സഭ വൈകുന്നേരം 4.30-ന് പിരിഞ്ഞു.)